# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുമേലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ കെറ്റിഎം പി11/1385/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 14/12/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുമേലി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെറ്റിഎം പി11/1385/21 തീയ്യതി: 14/12/2021

## കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാധാകൃഷ്ണൻ എം എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 11-10-2021 | 26-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2021 | 26-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി മായ ആർ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീ രാജേഷ് എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുനിത എം. എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ റ്റി. എസ്. കൃഷ്ണകുമാർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി തങ്കമ്മ ജോർജുകുട്ടി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ കെ. റ്റി. ഷാജി | സെക്രട്ടറി | 01-04-2020 | 12-06-2020 |
| ശ്രീ മുഹ്സിൻ പി. എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-06-2020 | 18-06-2020 |
| ശ്രീ എം. എൻ. വിജയൻ | സെക്രട്ടറി | 19-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിജുകുമാർ വി. | കൃഷി ഓഫീസർ | 01-04-2020 | 23-07-2020 |
| ദിവ്യ റ്റി. എൽ. | കൃഷി ഓഫീസർ | 24-07-2020 | 31-03-2021 |
| ഡോ. അനിൽകുമാർ റ്റി. | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. സീന എം. ഇസ്മയിൽ | മെഡിക്കൽ ഓഫീസർ-CHC | 01-04-2020 | 31-03-2021 |
| ഡോ. അരുൺ രാജ് | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 09-02-2021 |
| ഡോ. രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ-ഹോമിയോ | 10-02-2021 | 31-03-2021 |
| ഡോ. ബേനസീർ കെ. എ. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ബ്ലെസി ജോഷി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| മിനി ജോസഫ് | ഐസിഡിഎസ് | 01-04-2020 | 15-11-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ഷീല പി. ബി. | ഐസിഡിഎസ് സൂപ്പർവൈസർ | 16-11-2020 | 31-03-2021 |
| ജിഷ ജോസഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| സിസൺ തോമസ് | ഹെഡ്മിസ്ട്രസ്-ഗവ. വെൽഫെയർ LPS മുട്ടപ്പള്ളി | 01-04-2020 | 31-03-2021 |
| അഖിൽ എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 01-04-2020 | 31-03-2021 |
| മുഹ്സിൻ പി. എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 19-06-2020 |
| സുരേഷ് കെ. ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 25-06-2020 | 29-06-2020 |
| കെ. ഇ. തോമസുകുട്ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-07-2020 | 31-03-2021 |
| സന്തോഷ് കുമാർ കെ. ദേവ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ചേനപ്പാടി) | 01-04-2020 | 31-03-2021 |
| ആകർഷ് ജി. കൃഷ്ണൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(എരുമേലി) | 01-04-2020 | 03-09-2020 |
| അരുൺ എൻ. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(എരുമേലി) | 04-09-2020 | 22-09-2020 |
| രാജൻ കുട്ടി എൻ. ജി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(എരുമേലി) | 23-09-2020 | 09-03-2021 |
| അജേഷ് വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(എരുമേലി) | 04-03-2021 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 20-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-12-2021) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 28-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 20-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 20-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 28-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-12-2021) | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Sivaraj P (Senior Grade Auditor, On 26-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-12-2021) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Maya R (Audit Officer, On 27-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-12-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Sivaraj P (Senior Grade Auditor, On 20-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Maya R (Audit Officer, On 28-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 20-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 04-12-2021) | 1-10 |
| 11 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു-എ.സി.ആർ. കൃത്യമായി സൂക്ഷിച്ചിട്ടില്ല<br>Written By: Sivaraj P (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-12-2021) | 1-11 |
| 12 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല-99.78 ലക്ഷം രൂപയുടെ മുൻകൂറുകളുടെ വിശദാംശമില്ല<br>Written By: Sivaraj P (Senior Grade Auditor, On 27-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-12 |
| 13 | കറവപ്പശു കാലിത്തീറ്റ വിതരണം-ഗുണഭോക്തൃ വിഹിതം പിരിവിൽ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 27-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-13 |
| 14 | വസ്തുനികുതി-സഞ്ചയയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള റോഡുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sunitha M S (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-12-2021) | 1-14 |
| 15 | വസ്തുനികുതി നിർണ്ണയത്തിൽ കുറവ്<br>Written By: Sunitha M S (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-12-2021) | 1-15 |

| | | |
|---|---|---|
| 16 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടം പല ഭാഗങ്ങളായി വിഭജിച്ച് വിവിധ നമ്പരുകൾ നല്കി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു<br>Written By: Sunitha M S (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-12-2021) | 1-16 |
| 17 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sunitha M S (Senior Grade Auditor, On 27-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-17 |
| 18 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകങ്ങൾ<br>Written By: Lekha V (Audit Officer, On 26-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-18 |
| 19 | ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല<br>Written By: Lekha V (Audit Officer, On 26-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-19 |
| 20 | കോവിഡ് പ്രതിരോധ ചെലവുകൾ-കണക്കുകളുടെ അവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 27-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-20 |
| 21 | മാലിന്യസംസ്ക്കരണം ഫലപ്രദമല്ല- മാലിന്യനീക്കം നിലച്ചു- ഗ്രാമപഞ്ചായത്തിൽ മാലിന്യപ്രശ്നം അതിരൂക്ഷം<br>Written By: Maya R (Audit Officer, On 27-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-21 |
| 22 | ക്ഷേമപെൻഷനുകൾ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും വിതരണം-ഗുരുതര വീഴ്ച<br>Written By: Maya R (Audit Officer, On 27-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-22 |
| 23 | മുക്കൂട്ടുതറ ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് സൗജന്യമായി സ്ഥലം വിട്ടുനൽകൽ- സ്ഥലം മുതൽക്കൂട്ടാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചില്ല<br>Written By: Maya R (Audit Officer, On 27-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-23 |
| 24 | ശബരിമല ഗ്രാന്റ് വിനിയോഗം-ഫലപ്രാപ്തിയില്ലാത്ത പ്രൊജക്റ്റുകൾക്ക് വിനിയോഗം<br>Written By: Maya R (Audit Officer, On 27-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-24 |
| 25 | വിവിധ നിക്ഷേപപ്രവർത്തികൾ- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിരുന്നില്ല<br>Written By: Maya R (Audit Officer, On 27-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-25 |
| 26 | എരുത്വാപുഴകുടിവെള്ളപദ്ധതി-നിർവ്വഹണത്തിലെ അപാകത<br>Written By: Maya R (Audit Officer, On 28-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-26 |
| 27 | ആശ്രയ പദ്ധതി- വികസനഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു- ക്രമപ്രകാരമല്ല<br>Written By: Maya R (Audit Officer, On 28-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-27 |
| 28 | | 1-28 |

| | | |
|---|---|---|
| | ടെണ്ടർ കുറവ് കിഴിച്ചുള്ള തുകക്ക് ജി എസ് ടി കോമ്പൻസേഷൻ നല്കുന്നതിന് പകരം വേലമൂല്യത്തിന് ജി എസ് ടി കോമ്പൻസേഷൻ നല്കി<br>Written By: Rajesh M (Asst. Audit Officer, On 26-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | |
| 29 | ടെണ്ടർ കുറവ് പരിഗണിക്കാത്തതു മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവ്<br>Written By: Rajesh M (Asst. Audit Officer, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-12-2021) | 1-29 |
| 30 | ടെണ്ടർ കുറവ് പരിഗണിക്കാത്തതു മൂലം അധികച്ചെലവ്<br>Written By: Rajesh M (Asst. Audit Officer, On 26-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-29-1 |
| 31 | ആവശ്യകത നിർണ്ണയിക്കാതെ വാങ്ങിയ ധാതുലവണ മിശ്രിതം വിതരണം ചെയ്യാതെ അവശേഷിക്കുന്നു<br>Written By: Rajesh M (Asst. Audit Officer, On 26-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-30 |
| 32 | കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക നല്കി തീർപ്പാക്കിയ പ്രോജക്ടിന് വീണ്ടും തുക വകയിരുത്തി<br>Written By: Rajesh M (Asst. Audit Officer, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-12-2021) | 1-31 |
| 33 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ വിവിധ നികുതികളും തൊഴിലാളി ക്ഷേമനിധി വിഹിതവും അടവാക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 26-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-32 |
| 34 | അക്രഡിറ്റഡ് ഏജൻസി വഴി മരാമത്ത് പ്രവത്തികൾ -പൊതു അപാകതകൾ<br>Written By: Rajesh M (Asst. Audit Officer, On 26-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-33 |
| 35 | എസ്റ്റിമേറ്റിൽ വകയിരുത്താതെ കൺവീനർക്ക് നല്കിയ അധിക തുക അംഗീകരിക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 26-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-34 |
| 36 | 1.38 കോടി രൂപ വിലമതിക്കുന്ന കെട്ടിടങ്ങൾ നിഷ്ക്രിയ ആസ്തികളായി അവശേഷിക്കുന്നു<br>Written By: Rajesh M (Asst. Audit Officer, On 26-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-35 |
| 37 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി മതിയായ തുക വകയിരുത്തുന്നില്ല<br>Written By: Lekha V (Audit Officer, On 26-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-36 |
| 38 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - തുക അധികം നല്കി<br>Written By: Sunitha M S (Senior Grade Auditor, On 27-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 1-37 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ടെണ്ടർ കുറവ് കിഴിച്ചുള്ള തുകക്ക് ജി എസ് ടി കോമ്പൻസേഷൻ നല്കുന്നതിന് പകരം വേലമൂല്യത്തിന് ജി എസ് ടി കോമ്പൻസേഷൻ നല്കി | 3-1 |

| | | |
|---|---|---|
| | Written By: Rajesh M (Asst. Audit Officer, On 28-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-12-2021) | |
| 2 | ടെണ്ടർ കുറവ് പരിഗണിക്കാത്തതു മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവ്<br>Written By: Rajesh M (Asst. Audit Officer, On 28-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 3-2 |
| 3 | ടെണ്ടർ കുറവ് പരിഗണിക്കാത്തതു മൂലം അധികച്ചെലവ്<br>Written By: Rajesh M (Asst. Audit Officer, On 28-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 3-3 |
| 4 | എസ്റ്റിമേറ്റിൽ വകയിരുത്താതെ കൺവീനർക്ക് നല്കിയ അധിക തുക അംഗീകരിക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 28-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 3-4 |
| 5 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - തുക അധികം നല്കി<br>Written By: Sunitha M S (Senior Grade Auditor, On 27-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 3-5 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 21-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 4-4 |
| 5 | വായ്പ/വായ്പ തരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 13-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-12-2021) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 21/03/2020 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 7,922,528/- | 52,592,783/- |
| വരവ് | 451,258,500/- | 135,431,441/- |
| ആകെ | 459,181,028/- | 188,024,224/- |
| ചെലവ് | 454,907,600/- | 165,276,499/- |
| നീക്കിയിരിപ്പ് | 4,273,428/- | 22,747,725/- |

ബജറ്റ് പ്രകാരം 45.13 കോടി രൂപയുടെ പ്രതീക്ഷിത വരവും 45.49 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 25.95 കോടി രൂപയും ചെലവ് 26.9 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 259,484,493/- രൂപയും ചെലവ് 269,038,862/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 9,554,369/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 128,415,841/- രൂപയും ബാധ്യതകളുടെ മൂല്യം 73,761,547/- രൂപയും ജനറൽ ഫണ്ട് 54,654,294/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ 320700104, 320700204, 320700205, 320700404 ശീർഷകങ്ങളിൽ 31/03/2021 ലെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം ലഭ്യമല്ല. എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ സംയുക്ത പ്രോജക്ട് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

4.350100201-Contractors Control Account ൽ 407,025/- രൂപ വരവായി അക്കൌണ്ട് ചെയ്തു. വിവിധ ഡെപോസിറ്റ് ശീർഷകത്തിൽ അക്കൌണ്ട് ചെയ്യേണ്ടതായിരുന്ന പ്രസ്തുത തുകകൾ.

5.31/03/2021-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം 350800299 ശീർഷകത്തിലെ 2,571/- രൂപ ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ല.

6.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി മൂല്യ ശോഷണം അക്കൌണ്ട് ചെയ്തതിന്റെ വിശദാംശം ലഭ്യമല്ല.

8.412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

9.വാടക കുടിശികയിനത്തിൽ 31/03/2021-ൽ ലഭിക്കാനുള്ള 990,246/- രൂപ ഏതെല്ലാം കുത്തകക്കാരാണ് ഒടുക്കാനുള്ളതെന്ന് ഡിമാന്റ് രജിസ്റ്ററിൽ വിശദാംശമില്ല.

10.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

11.350410101,350410102,350410301 ശീർഷകങ്ങളിലെ യഥാക്രമം വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് അക്രുവൽ വരവുകളുടെ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

12.കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ച 3,291,886/- രൂപയിൽ 2,430,880/- രൂപ മാത്രമാണ് നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് എന്ന് റിസീറ്റ് & പേമെന്റ് പത്രിക RP-7 ൽ നിന്നും വ്യക്തമാകുന്നു. 861,006/- രൂപയുടെ നിക്ഷേപം ഡെപോസിറ്റായി അക്കൌണ്ട് ചെയ്തിട്ടില്ല.

13.SSA വിഹിതം 600,500/- രൂപയും ABC പ്രോഗ്രാമിന് നൽകിയ 210,000/- രൂപയും നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിട്ടില്ല.

14.1-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.

15.വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമല്ല.

16.350100101-Suppliers Control Account, 350100201-Contractors Control Account എന്നീ ശീർഷകങ്ങളിലാണ് യഥാക്രമം 1,566,475/- ,2,953,542/- രൂപയുടെ വിവിധ റവന്യൂ പ്രോജക്റ്റ് ചെലവുകൾ അക്കൌണ്ട് ചെയ്തിരിക്കുന്നത്. നിശ്ചിത വിവിധ റവന്യൂ ശീർഷകങ്ങളിൽ അക്കൌണ്ട് ചെയ്യേണ്ടതായിരുന്നു.

17.ജനപ്രതിനിധികളുടെ 2 മാസത്തെ ഹോണറേറിയം Elected Representative Control Account ൽ അക്രുവൽ ചെയ്താണ് ചെലവ് വൌച്ചറുകൾ തയ്യാറാക്കിയത്. ഹോണറേറിയം നിശ്ചിത റവന്യൂ ശീർഷകങ്ങളിൽ അക്കൌണ്ട് ചെയ്യേണ്ടതായിരുന്നു.

18.മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 52,592,783/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 135,431,441/- |
| | |

| | |
|---|---|
| ആകെ | 188,024,224/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 165,276,499/- |
| നീക്കിയിരിപ്പ് | 22,747,725/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 136039/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,757,776/- |

## 1-4 ഫണ്ട് വിനിയോഗം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 28,669,500/- | 28,669,500/- | 28,415,999/- | 253,501/- | 99.12 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 13,427,000/- | 13,427,000/- | 11,417,016/- | 2,009,984/- | 85.03 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 4,021,000/- | 4,021,000/- | 1,694,034/- | 2,326,966/- | 42.13 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 10,480,000/- | 10,480,000/- | 4,552,200/- | 5,927,800/- | 43.44 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 22,387,184/- | 22,387,184/- | 13,152,010/- | 9,235,174/- | 58.75 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 21,481,000/- | 21,481,000/- | 18,361,962/- | 3,119,038/- | 85.48 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 7,849,000/- | 7,849,000/- | 4,391,813/- | 3,457,187/- | 55.95 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 1,415,377/- | 0 | 1,415,377/- | 135,000/- | 1,280,377/- | - |
| സർവ്വ ശിക്ഷ അഭിയാൻ | 26,988/- | 0 | 26,988/- | 0 | 26,988/- | - |
| ICDS ഫണ്ട് | 477,503/- | 1,701,150/- | 2,178,653/- | 1,000,000/- | 1,178,653/- | - |
| സെൻട്രൽ ഫണ്ട് | 0 | 230,900/- | 230,900/- | 0 | 230,900/- | - |
| ഖരമാലിന്യ സംസ്കരണ ഗ്രാന്റ് | 823,648/- | 1,692,035/- | 2,515,683/- | 82,000/- | 2,433,683/- | - |
| പട്ടികവർഗ്ഗ(ST) ഗ്രാന്റ് | 2,165,041/- | 0 | 2,165,041/- | 0 | 2,165,041/- | - |
| ഗ്രന്ഥശാല ഗ്രാന്റ് | 0 | 16,480/- | 16,480/- | 16,480/- | 0 | - |
| ശബരിമല ഗ്രാന്റ് | 881,871/- | 3,750,000/- | 4,631,871/- | 578,515/- | 4,053,356/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 2,276,992/- | 2,276,992/- | 240,000/- | 2,036,992/- | - |
| പകർച്ചവ്യാധി നിർമ്മാർജന ഗ്രാന്റ് | 0 | 2,500,000/- | 2,500,000/- | 2,000,000/- | 500,000/- | - |
| സമ്പൂർണ സാനിട്ടേഷൻ ഫണ്ട് | 1,694,050/- | 0 | 1,694,050/- | 48,000/- | 1,646,050/- | - |
| സർക്കാർ | 1,283,702/- | 3,049,511/- | 4,333,213/- | 1,893,217/- | 2,439,996/- | - |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്(ലൈഫ്) | | | | | | |
| നിർമ്മൽ പുരസ്കാരം | 245,020/- | 0 | 245,020/- | 0 | 245,020/- | - |

വികസന ഫണ്ട്-പൊതുവിഭാഗത്തിൽ 25,484,000/- രൂപ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് 3,185,500/- രൂപ 25/03/2021 ലെ G.O.(Rt) No.2904/2021/Fin പ്രകാരം ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) ഫണ്ടിൽ ബജറ്റ് അലോട്ട്മെന്റ് 10,480,000/- രൂപയും 2019-20 വർഷം ലാപ്സായ 11,907,154/- രൂപയും ഉൾപ്പടെയാണ് 22,387,184/- രൂപ അലോട്ട്മെന്റ് ലഭിച്ചത്. വികസന ഫണ്ടിന്റെ ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവും തമ്മിലുള്ള വ്യത്യാസം ജി.ഓ. പ്രോജക്ടുകൾക്കായി അലോട്ട്മെന്റിൽ ക്രമീകരിച്ച തുകയാണ്. വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ACR പ്രകാരം അലോട്ട്മെന്റ് | ജി.ഓ. പ്രോജക്ട് നം. | ബജറ്റ് അലോട്ട്മെന്റ് |
|---|---|---|---|
| വികസന ഫണ്ട്-General | 24,341,527/- | 515/21- 1,134,687/-<br>516/21- 686,200/-<br>517/21- 686,200/-<br>520/21- 686,200/-<br>521/21- 1,134,686/-<br>ആകെ-4,327,973/- | 28,669,500/- |
| വികസന ഫണ്ട്-SCP | 12,606,373/- | 496/21- 410,314/-<br>519/21- 410,313/-<br>ആകെ-820,627/- | 13,427,000/- |
| വികസന ഫണ്ട്-TSP | 3,947,862/- | 518/21- 36,569/-<br>522/21-36,569/-<br>ആകെ-73,138/- | 4,021,000/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 7,769,613/- | 523/21- 79,387/-<br>ആകെ-79,387/- | 7,849,000/- |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം അക്കൗണ്ട് ചെയ്യുന്നതിന് എ.സി.ആർ. സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ 2020-21 ധനകാര്യ പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിലെ കൃത്യത വ്യക്തമല്ല.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്,പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് എന്നിവയുടെ കണക്കിൽ മേൽവിവരിച്ച വ്യത്യാസങ്ങൾക്ക് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 28.1.2021ലെ ഉത്തരവ് നം.80898/20/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 04-01-2020 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 17-01-20 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 23-01-20 മുതൽ 31-1-20 വരെ |
| | |

| | |
|---|---|
| ഊരുകൂട്ടം /വയോജന/ ഭിന്നശേഷി ഗ്രാമസഭ | 27-01-20 |

2020-21 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 29,82,70,628/- രൂപയും ആകെ ചെലവ് 109069103/- രൂപയുമാണ്. ചെലവുശതമാനം 36.6%.

സർക്കാർ ഉത്തരവ് നമ്പർ ഉത്തരവ് (സാധാ)990/2019/ത സ്വ. ഭ.വ തീയതി 15/3/2019 പ്രകാരം സ്പിൽ ഓവർപ്രോജക്ടുകൾക്കുൾപ്പെടെയുള്ള തുക ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ വികസനഫണ്ടിൽ അധികതുക വകയിരുത്തിയിരുന്നു. പിന്നീട് ബജറ്റ് വകയിരുത്തലിനനുസൃതമായി വാർഷികപദ്ധതി അടങ്കലിൽ ഭേദഗതി വരുത്തിയുമില്ല. മേൽസാഹചര്യം വാർഷികപദ്ധതിക്കുവേണ്ടിയുള്ള വികസനഫണ്ടിന്റെ വകയിരുത്തൽ സംസ്ഥാനബജറ്റ്പ്രകാരം അനുവദിച്ച തുകകളേക്കാൾ അധികമാകുന്നതിനിടയായി. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 1959500 | 1745679 | 89 |
| വെറ്ററിനറി സർജൻ | 12 | 12 | 12001160 | 7569418 | 63 |
| എം.ഒ (പിഎച്ച്സി) | 6 | 2 | 2480500 | 823917 | 33 |
| എം.ഒ (ഹോമിയോ) | 1 | 1 | 250000 | 250000 | 100 |
| എം.ഒ (ആയുർവേദം) | 1 | 1 | 5000000 | 500000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 2610000 | 671021 | 26 |
| വി ഇ ഒ | 25 | 18 | 86881302 | 25295054 | 29 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 4 | 6464594 | 4743813 | 73 |
| സെക്രട്ടറി | 62 | 40 | 96573647 | 17115138 | 17 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 237 | 181 | 85190919 | 47513379 | 56 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2039006 | 2039006 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 3 | 1320000 | 802678 | 61 |
| ആകെ | 368 | 273 | 298270628 | 109069103 | 36.6 |

**<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 2.63 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.</u>**

2020-21 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ മികച്ച നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. പൊതുവിഭാഗം വികസനഫണ്ട് 99% ചെലവഴിക്കാൻ സാധിച്ചുവെന്നത് മികച്ച നേട്ടമാണ്.എങ്കിലും മറ്റ് ഫണ്ടുകളുടെ വിനിയോഗത്തിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിരുന്നില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗം 43.44% മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 25 പ്രോജക്ടുകളിൽ 18 എണ്ണം നടപ്പാക്കാൻ സാധിച്ചുവെങ്കിലും ലൈഫ്

ഭവനപദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിക്കാതിരുന്നത് മൂലം ആകെ ചെലവ് ശതമാനം വളരെ കുറഞ്ഞ് നിൽക്കുന്ന സാഹചര്യമാണ് (ചെലവ് ശതമാനം 29%). ട്രഷറി നിയന്ത്രണങ്ങളും കോവിഡ് അനന്തര ലോക്ക്ഡൗണും അതിനെ തുടർന്നുള്ള നിയന്ത്രണങ്ങളും മൂലമാണ് തുക വിനിയോഗത്തിൽ കുറവ് സംഭവിച്ചതെന്ന് കരുതുന്നു. തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 253,501/- |
| വികസന ഫണ്ട്-എസ്.സി.പി. | 2,009,984/- |
| വികസന ഫണ്ട്- ടി.എസ്.പി. | 2,326,966/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 5,927,800/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 9,235,174/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 3,119,038/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 3,457,187/- |
| ആകെ | 2,63,29,650 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 2.63 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 2.63 കോടിയിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

**<u>വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല</u>**

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷം സാങ്കേതിക അനുമതി ലഭിച്ച 433 പ്രോജക്ടുകളിൽ 240 എണ്ണവും തൻവർഷം നടപ്പിലാക്കി. 112840 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1429 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി ,കയ്യാല നിർമ്മാണം,കൃഷിക്ക് നിലം ഒരുക്കൽ, വൃക്ഷത്തൈ നടീൽ എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 249505.5 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 40388137.3 | 40398512.3 |
| | | | |

| | | | |
|---|---|---|---|
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 10375 | |
| ആകെ വരവ് | | | 40648017.8 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 32914749 | 34131917.5 |
| | വിദഗ്ധ തൊഴിലാളികളുടെവേതനം, സാധന വില | 1217168.5 | |
| | സാധന വില, വാടക | 5092936.8 | |
| | ഭരണ ചെലവുകൾ | 904907 | |
| ആകെ ചെലവ് | | | 40129761.3 |
| നീക്കിയിരിപ്പ് | | | 518256.5 |

പഞ്ചായത്ത് വാർഷികകണക്കുമായി വരവുചെലവുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ വാർഷികകണക്ക് അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം എരുമേലി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7,920/- | 24 |
| വാർദ്ധക്യകാലപെൻഷൻ | 62,203,500/- | 2856 |
| കർഷകതൊഴിലാളി പെൻഷൻ | 4,382,300/- | 223 |
| വിധവാപെൻഷൻ | 23,631,100/- | 1190 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 822,100/- | 43 |
| വികലാംഗപെൻഷൻ | 10,537,600/- | 556 |
| വിവാഹ ധനസഹായം | 60,000/- | 2 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് എരുമേലി ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 11/10/2021-ന് 03:20 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 12,658/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി

ആധികാരികമാക്കിയിട്ടുണ്ട്. . നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/11/2019 | 10/2019 | A10-162/2019 |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 17/06/2017-01/07/2017 | 2015-16 മുതൽ 2016-17 വരെ | LBA(HQ)II/8A-2647/330 Dated 16/02/2018 |

**1-11 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു- എ.സി.ആർ. കൃത്യമായി സൂക്ഷിച്ചിട്ടില്ല**

പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ മുൻവർഷങ്ങളിലുൾപ്പടെ ലഭ്യമായ ഗ്രാന്റിൽ 2.69 കോടി രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31/03/2021 ലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | അവശേഷിക്കുന്ന തുക(31/03/2021) | റിമാർക്ക്സ്/ഫണ്ട് വിശദാംശം |
|---|---|---|---|
| 1. | 320100101 | 517,676/- | MNREGS ഫണ്ട് |
| 2. | 320100115 | 1,280,377/- | സമ്പൂർണ്ണ ശുചിത്വ പരിപാടി ഫണ്ട്(TSC) |
| 3. | 320100116 | 26,988/- | സർവ്വ ശിക്ഷാ അഭിയാൻ(SSA) |
| 4. | 320100121 | 1,178,653/- | ICDS ഫണ്ട് |
| 5. | 320100199 | 230,900/- | കേന്ദ്ര സർക്കാർ ഗ്രാന്റ് |
| 6. | 320100203 | 2,433,683/- | ഖരമാലിന്യ സംസ്കരണ ഗ്രാന്റ് |
| 7. | 320200214 | 2,165,041/- | എസ്. റ്റി. ഫണ്ട് |
| 8. | 320200312 | 4,053,356/- | ശബരിമല ഗ്രാന്റ് |
| 9. | 320200322 | 2,036,992/- | ശുചിത്വ മിഷൻ ഗ്രാന്റ് |
| 10. | 320200324 | 500,000/- | പകർച്ചവ്യാധി നിയന്ത്രണ ഗ്രാന്റ് |
| 11. | 320300103 | 1,646,050/- | സമ്പൂർണ്ണ സാനിട്ടേഷൻ ഗ്രാന്റ് |
| 12. | 320300199 | 2,439,996/- | സംസ്ഥാന സർക്കാർ ഗ്രാന്റ്(ലൈഫ്) |
| 13. | 320700104 | 1,975,346/- | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്(ക്യാപ്പിറ്റൽ) |
| 14. | 320700204 | 3,956,207/- | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്(റവന്യൂ) |
| 15. | 320700205 | 159,932/- | ജില്ല പഞ്ചായത്ത് ഫണ്ട്(റവന്യൂ) |
| 16. | 320700404 | 15,000/- | ബ്ലോക്ക് പഞ്ചായത്ത് പ്രത്യേക |

| | | | |
|---|---|---|---|
| | | | ഫണ്ട്(റവന്യൂ) |
| 17. | 320800101 | 4,575/- | ഗുണഭോക്തൃ വിഹിതം |
| 18. | 320800199 | 1,187,000/- | മറ്റ് ഗ്രാന്റ് |
| 19. | 320800202 | 10,750/- | സംഭാവന കോവിഡ് |
| 20. | 320900101 | 245,020/- | നിർമ്മൽ പുരസ്കാരം |
| 21. | 350200301 | 890,197/- | കോവിഡ് റിക്കവറി |
| | **ആകെ** | | **26,953,739/-** |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം രേഖപ്പെടുത്തുന്ന എ.സി.ആർ. ഹാജരാക്കിയത് പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന പ്രധാന അപാകതകൾ താഴെ വിവരിക്കുന്നു.

1.പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രോജക്ടുകൾക്കായി ചെലവഴിക്കുമ്പോൾ അക്കൌണ്ടന്റ് എ.സി.ആർ. തയ്യാറാക്കി ഓരോ ചെലവും പ്രോഗ്രസീവ് ചെലവും സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്നിരിക്കെ എ.സി.ആർ. കൃത്യമായി എഴുതി ആധികാരികമാക്കാതെ ചെലവുകൾ നടത്തിയിരിക്കുന്നു. പ്രത്യേക ഗ്രാന്റുകളുടെ ചെലവുകൾ എ.സി.ആറിൽ രേഖപ്പെടുത്തി തുക, പ്രോഗ്രസീവ് ടോട്ടൽ, ബാലൻസ് എന്നിവ ഉറപ്പാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു.

2.പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ പ്രോജക്ട് നം., വൌച്ചർ നം., നിർവ്വഹണ ഉദ്യോഗസ്ഥൻ, ചെലവു വിശദാംശം എന്നിവ എ.സി.ആറിൽ രേഖപ്പെടുത്തുന്നില്ല.

3.ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ച തുകകൾ പട്ടികയിലെ ക്രമ നം.12,13,14,15,16 ഏതെല്ലാം പ്രോജക്ടുകൾക്കാണ് ലഭിച്ചത് എന്നത് എ.സി.ആറിൽ ലഭ്യമല്ല.

4.ക്രമ നം.5,18 എന്നിവ ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ല.

5.ക്രമ നം.10 തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച കോവിഡ് ചെലവുകൾക്ക് ജില്ല ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭിച്ച തുകയാണ്. 25 ലക്ഷം രൂപ ലഭിച്ചതിൽ 20 ലക്ഷം മാത്രം തനത് ഫണ്ടിലേക്ക് മാറ്റിയത്. ബാക്കി 5 ലക്ഷം തനത് ഫണ്ടിലേക്ക് മാറ്റാൻ അവശേഷിക്കുന്നു.

6.കൃത്യമായി എ.സി.ആർ. സൂക്ഷിക്കാതിരുന്നതിനാൽ പ്രോജക്ടുകൾ പൂർത്തിയായ ശേഷവും ഏതെങ്കിലും ഫണ്ടുകൾ അവശേഷിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതിരുന്നതിനും അവയുടെ വിനിമയം അക്കൌണ്ട് ചെയ്യുന്ന ACR കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്താതിരുന്നതിനും മേൽപറഞ്ഞ അപാകതകൾക്കും കൃത്യമായ വിശദീകരണം അനുബന്ധ രേഖകൾ ഉൾപ്പടെ നൽകുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.21/26.10.2021) നൽകിയിരുന്നു. അപാകതകൾ പരിഹരിച്ച് വിശദാംശം ലഭ്യമാക്കുമെന്നാണ് മറുപടിയിൽ അറിയിച്ചത്. ACR കൃത്യമായി തയ്യാറാക്കി എല്ലാ ഫണ്ടുകളുടെയും വിനിമയത്തിൽ വ്യക്തത വരുത്തി വിശദാംശം അനുബന്ധ രേഖകൾ ഉൾപ്പടെ മറുപടിയിൽ നൽകേണ്ടതാണ്. അവശേഷിക്കുന്ന ഫണ്ടുകൾ 2021-22 വർഷം ചെലവഴിക്കുന്നതിന് നടപടിയെടുക്കേണ്ടതാണ്.

## 1-12 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല-99.78 ലക്ഷം രൂപയുടെ മുൻകൂറുകളുടെ വിശദാംശമില്ല

പഞ്ചായത്ത് മുൻകൂറായി നൽകുന്നതും ഡെപോസിറ്റ് പ്രവൃത്തികൾക്ക് നൽകുന്നതുമായ തുകകളുടെ വിശദാംശം രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുൻകൂറുകൾ ക്രമീകരിക്കുന്നതിന്റെ വിവരവും വിശദാംശവും ലഭ്യമല്ല. 31/03/2021 ലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | കണക്ക് | അവശേഷിക്കുന്ന തുക(31/03/2021) | റിമാർക്ക്സ്/ഫണ്ട് |
|---|---|---|---|

| നം. | ശീർഷകം | | വിശദാംശം |
|---|---|---|---|
| 1. | 460100101 | 5,000/- | ഓണം അഡ്വാൻസ് |
| 2. | 460100103 | 1,693,523/- | താത്കാലിക അഡ്വാൻസ് ഓഫീസ് ആവശ്യം |
| 3. | 460500202 | 7,624,385/- | കെ.എസ്.ഇ.ബി. ഡെപോസിറ്റ് |
| 4. | 460500204 | 20,512/- | ഗ്രൌണ്ട് വാട്ടർ ഡെപോസിറ്റ് |
| 5. | 460500205 | 85,292/- | പൊതുമരാമത്ത് വകുപ്പ് ഡെപോസിറ്റ് |
| 6. | 460500399 | 5,075/- | അംഗീകൃത ഏജൻസി അഡ്വാൻസ് |
| 7. | 460500501 | 542,415/- | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അഡ്വാൻസ് |
| 8. | 460600101 | 2,342/- | ഇലക്ട്രിസിറ്റി ഡെപോസിറ്റ് |
| **ആകെ** | | **9,978,634/-** | |

കൃത്യമായ രജിസ്റ്ററും കണക്കുകളും സൂക്ഷിക്കാതെ അഡ്വാൻസ് നൽകുന്നതും ക്രമീകരിക്കുന്നതും ഇടപാടുകൾ ആധികാരികമാക്കാതെയാണ് ചെയ്യുന്നതെന്ന് വ്യക്തമാകുന്നു. ഉദാഹരണമായി 20/08/2020 ലെ 22000619 നം. ചെലവ് വൌച്ചർ പ്രകാരം 845,052/- രൂപ NREGS അക്കൌണ്ടിൽ നിന്ന് പിൻവലിച്ച് SBI തനത് ഫണ്ടിൽ നിക്ഷേപിച്ചത് അഡ്വാൻസ് ക്രമീകരിച്ചതായിരുന്നു എന്ന് വൗച്ചർ പരിശോധനയിൽ ബോധ്യമായി. എന്നാൽ ടി തുക ക്രമ നം.2 ശീർഷകത്തിൽ ക്രമീകരിച്ച് അക്കൌണ്ട് ചെയ്തിട്ടില്ല. ഡെപോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക ക്രമീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. കെ.എസ്.ഇ.ബി. യിൽ 76 ലക്ഷത്തിലധികം ഡെപോസിറ്റായി നിലനിൽക്കുന്നു. 2019-20 വർഷം കോസ്റ്റ്ഫോർഡിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ 31/03/2021 ലെ ബാലൻസ് ഷീറ്റിലും പ്രതിഫലിച്ചിട്ടില്ല. അഡ്വാൻസ് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാതിരുന്നതും, അക്കൗണ്ടിങ് നടപടികളിലെ അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.22/26.10.2021) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽപറഞ്ഞ ഓരോ കണക്ക് ശീർഷകത്തിനും അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി മുന്നിരിപ്പ് വിശദാംശം, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മുൻകൂറുകൾ നൽകുമ്പോഴും ക്രമീകരിക്കുമ്പോഴും സംഭവിച്ച മേൽവിവരിച്ച അക്കൗണ്ടിങ് അപാകതകൾ പരിഹരിച്ച് വിശദാംശവും അറിയിക്കേണ്ടതാണ്.

## 1-13 കറവപ്പശു കാലിത്തീറ്റ വിതരണം-ഗുണഭോക്തൃ വിഹിതം പിരിവിൽ അപാകതകൾ

2020-21 വർഷം കറവപ്പശു കാലിത്തീറ്റ വിതരണത്തിനായി മാന്വൽ രസീത് മുഖേന പിരിച്ച 2 പേരുടെ ഗുണഭോക്തൃ വിഹിതം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. പ്രസ്തുത രസീതുകളിൽ തീയതിയും ചേർത്തിട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ പിരിച്ച തുക ഒടുക്കാത്ത രസീതുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | രസീത് നം. | തുക |
|---|---|---|---|
| 1. | പ്രീറ്റി ഉദയഭാനു, മൂത്തോട്ട്, | 1309/43 | 1,345/- |

| | | | |
|---|---|---|---|
| | പാക്കാനം | | |
| 2. | തങ്കപ്പൻ എം. കെ., മാമ്മൂട്ടിൽ, തുമരംപാറ | 1309/87 | 1,345/- |
| | ആകെ | | 2,690/- |

1326 നം. രസീത് ബുക്കിലെ രസീതുകൾ നൽകിയത് തീയതി ചേർക്കാതെയാണ്. 22 രസീതുകൾ തുക ചേർക്കാതെ നൽകിയതായി കാണുന്നു. തുക ചേർക്കാതെ നൽകിയ രസീതുകൾക്ക് കളക്ഷൻ രജിസ്റ്ററിൽ തുക ചേർത്ത് അടവാക്കിയിരിക്കുന്നു. ഗുണഭോക്താവ് നൽകിയ തുകയാണോ തുക രേഖപ്പെടുത്താത്ത രസീത് പ്രകാരം പിരിച്ചത് എന്നത് വ്യക്തമല്ല. രസീതുകൾ കൈകാര്യം ചെയ്യതിൽ ക്രമക്കേട് ഉള്ളതായി കാണുന്നു.

| ക്രമ നം. | രസീത് നം. | ഗുണഭോക്താവ് |
|---|---|---|
| 1. | 1326/16 | മോളി ജോസഫ്, നാഗത്തുങ്കൽ |
| 2. | 1326/17 | ഉമേഷ് ഇ. ആർ., എള്ളുംപറമ്പിൽ |
| 3. | 1326/38 | ജസി ഡാനിയേൽ |
| 4. | 1326/39 | ഗ്രേസികുട്ടി വിൽസൺ |
| 5. | 1326/40 | തങ്കമ്മ രണ്ടാകളത്തിൽ |
| 6. | 1326/41 | ഓമന രവീന്ദ്രൻ, തടത്തിൽ |
| 7. | 1326/43 | ജിജി ഷിനു, കണക്കാട്ട് |
| 8. | 1326/44 | ജോണി കെ. ജെ. , പൈകടയാൽ |
| 9. | 1326/46 | ഷൈനി മുരിക്കൻ |
| 10. | 1326/51 | ഉഷാ രാജൻ, പതാപറമ്പിൽ |
| 11. | 1326/52 | ജോളി തോമസ് |
| 12. | 1326/57 | എം. ബഷീർ, നെല്ലാത്താനം |
| 13. | 1326/60 | സന്തോഷ് എം., പടിഞ്ഞാറേപ്പറമ്പിൽ |
| 14. | 1326/66 | ജയകൃഷ്ണൻ, വെട്ടുവേലിൽ |
| 15. | 1326/69 | അനിതാ റെജി, കാഞ്ഞിരത്തുംമൂട്ടിൽ |
| 16. | 1326/71 | സോഫിയ പി. കെ., കൊച്ചുവീട്ടിൽ |
| 17. | 1326/72 | സി. പി. ലൂക്കോസ്, ചെരുവിൽ |
| 18. | 1326/73 | ഏലമ്മ ചാക്കോ |
| 19. | 1326/74 | ബിജു ഒ. ബി., കരിമരത്തുങ്കൽ |
| 20. | 1326/75 | സോഫിയ ഇനശ്വരേടത്ത് |
| 21. | 1326/76 | ചാക്കോ കെ. കെ., കൊച്ചുതോട്ടത്തിൽ |
| 22. | 1326/77 | ശശി വരമ്പിനാൽ |

രസീത് പ്രകാരം പിരിച്ച 2,690/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. 22 രസീതുകൾ തുക രേഖപ്പെടുത്താതെ നൽകിയതിന് വിശദീകരണം ഓഡിറ്റ് അന്വേഷണക്കുറിപ്പ്(1/12.10.2021) നൽകി ആവശ്യപ്പെട്ടു. ഓഡിറ്റ് സമയത്ത് 2,690/- രൂപ അടവാക്കി. തുക രേഖപ്പെടുത്താതെ രസീത് നൽകിയത് ക്ലറിക്കൽ പിഴവ് സംഭവിച്ചതാണെന്നും കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുക മാത്രമാണ് പിരിച്ചെടുത്തതെന്നുമാണ് മറുപടിയിൽ

അറിയിച്ചത്. രസീതുകൾ കൈകാര്യം ചെയ്തതിലെ അപാകത സാമ്പത്തിക ക്രമക്കേടുകൾക്ക് ഇടയാക്കുമെന്നതിനാൽ ഈ വിഷയം പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തുടരന്വേഷണം നടത്തി സാമ്പത്തിക ഇടപാടിലെ സുതാര്യത ഉറപ്പാക്കേണ്ടതാണ്. അന്വേഷണത്തിന്റെ വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി-സഞ്ചയയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള റോഡുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6ൽ അടിസ്ഥാന വസ്തുനികുതിന്മേൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും അടിസ്ഥാനമാക്കേണ്ട ഘടകങ്ങളിൽ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് എന്നിവ പട്ടിക 2 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ പട്ടികയിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമാർഗ്ഗമുള്ള കെട്ടിടത്തിന് 20% അടിസ്ഥാന വസ്തുനികുതി വർദ്ധനവും 1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള വഴി സൗകര്യത്തിന് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും പൊതുവഴി സൗകര്യം ഇല്ലാത്തതിന് അടിസ്ഥാന വസ്തുനികുതിയിൽ 20% ഇളവും നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ സഞ്ചയ മൊഡ്യൂളിലെ റോഡ് മാസ്റ്ററിൽ പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ റോഡുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല. റോഡുകളുടെ വിവരം രേഖപ്പെടുത്താതെ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഇളവ്/വർദ്ധനവ് നൽകുന്നത് എങ്ങനെയെന്ന് വ്യക്തമല്ല . സഞ്ചയയിൽ റോഡ് മാസ്റ്ററിൽ എല്ലാ റോഡുകളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 വസ്തുനികുതി നിർണ്ണയത്തിൽ കുറവ്

നൗഷാദ്.കെ.എച്ച്, കോട്ടയംപറമ്പിൽ, മുട്ടപ്പള്ളി, എരുമേലി എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണം ക്രമവല്ക്കരിക്കുന്നതിനായി 20.11.20 ൽ അപേക്ഷ നല്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ക്രമവല്ക്കരണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കെട്ടിടത്തിന്റെ പ്ളാൻ പ്രകാരം ആകെ Built Up Area 193.07 M2 ഉം Floor Area 158.72 M2 ഉം ആണ്. അസി.എൻജിനീയറുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം ആകെ ഏരിയ 183.02 എം2 മാത്രമാണ്. ടി കെട്ടിടത്തിന് 17/475 Aമുതൽ F വരെയുള്ള നമ്പറുകൾ നല്കി അസസ് ചെയ്തിട്ടുണ്ട്. എന്നാൽ Aമുതൽ F വരെ കെട്ടിട നമ്പർ നല്കിയ കെട്ടിടത്തിന്റെ ആകെ അസസ്മെന്റ് ഏരിയ 120.28 എം2 മാത്രമാണ്.ഇപ്രകാരം അസസ്മെന്റ് ഏരിയായിൽ കുറവ് വന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7) സ്റ്റെയർകേസ്, ടോയ്ലറ്റ് ,റാമ്പ് എന്നിവ ഒഴിവാക്കി നികുതി നിർണ്ണയം നടത്തിയതിനാലാണ് അസസ്മെന്റ് ഏരിയായിൽ കുറവ് വന്നത് എന്ന് മറുപടി നല്കി. സ്റ്റെയർ കേസ് ,ടോയ്ലറ്റ് എന്നിവ അസസ്മെന്റ് ഏരിയായിൽ നിന്നും ഒഴിവാക്കാനാവില്ല എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. വസ്തുനികുതി ആകെ ഏരിയായുടെ അടിസ്ഥാനത്തിൽ പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

2. പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതി നിരക്ക് 60 രൂപ / എം2 ആണ്. എന്നാൽ ടി കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കായ 50 രൂപ നിരക്കിലാണ് അസസ് ചെയ്തത്. 60 രൂപ നിരക്കിൽ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

## 1-16 വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടം പല

**ഭാഗങ്ങളായി വിഭജിച്ച് വിവിധ നമ്പരുകൾ നല്കി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു**

വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി നികുതി നിർണ്ണയിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. തദ്ദേശസ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19 /2011/ തസ്വഭവ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തെ 100 ച.മീറ്ററിലധികമുള്ളതുമായ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് ചതുരശ്രമീറ്ററിന് 60 രൂപ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ, 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 50 രൂപയാണ് കെട്ടിടങ്ങൾക്ക് ചുമത്തിയിരിക്കുന്നത്. ടിയിനത്തിൽ പഞ്ചായത്തിന് നികുതി വരവിൽ കുറവുണ്ടാകുന്നു. മുൻവർഷങ്ങളിലേതുൾപ്പെടെ 100 ച.മീറ്ററിലധികമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമ നം | പേര് | വാർഡ് നം/കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | നിർണയിച്ച വസ്തുനികുതി (@50 / Sq.M.) | ആകെ തറവിസ്തീർണ്ണം/ നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി (@60/Sq.M) | കുറവ് | നികുതി നിലവിൽ വന്ന വർഷം |
|---|---|---|---|---|---|---|---|
| 1 | എബ്രഹാം.പി. നൈനാൻ, പുന്നമണ്ണിൽ | 7/124A-E | 123.18ച.മീ | 6159+ 20% വർദ്ധനവ് റോഡ് (1232) =7391 | 123.18ച.മീ X 60+ വർദ്ധനവ് റോഡ് (20%) =7391 +1478 =8869 | 1478 | 2019 II Half |
| 2 | സിയാദ് മുഹമ്മദ്, തേക്കുംതോട്ടത്തിൽ | 7/523 B-E | 147.16 | 7358+ 20% വർദ്ധനവ് റോഡ്-10% ഇളവ് മേൽക്കൂര (1472-736)- 8094 | 8830+883- 9713 | 1619 | 2019 II Half |
| 3 | നജിത ബഷീർ | 20/589C-E | 193.264 | 9663+ 20% വർദ്ധനവ് റോഡ് (1933 )=11596 | 11596+2219- 13915 | 2319 | 2019 I Half |
| 4 | സറീന | 20/1250E1-E3 | 139.8 | 6990+ 20% വർദ്ധനവ് റോഡ് (1398)=8388 | 8388+1678- 10066 | 1678 | 2019 II Half |
| 5 | സി.എം.മത്തായി, ചാലക്കുഴിയിൽ | 21/466A-C | 132.41 | 6620+ 20% വർദ്ധനവ് റോഡ്-10% ഇളവ് മേൽക്കൂര(662)-7282 | 7945+795- 8740 | 1455 | 2019 I Half |
| 6 | റെജീന ബീവി., കണ്ണന്താനം | 20/284G-J | 174 | 8700+ 20% വർദ്ധനവ് | 10440+2088- 12528 | 2088 | 2019 II Half |

| | | | |
|---|---|---|---|
| | | റോഡ് (1740)=10440 | |

മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് 60 രൂപ നിരക്കിൽ നികുതി ചുമത്തി പുതുക്കിയ ഡിമാൻഡ് നോട്ടീസ് നല്കി നികുതി ഈടാക്കേണ്ടതാണ്. ഇപ്രകാരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച മറ്റു കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവയുടെ നികുതിയും പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്തിന് നികുതി വരവിൽ ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-17 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (ii) (iii) പ്രകാരം ഒരു വ്യക്തി ഒരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2020-21 വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി ഈടാക്കാനുള്ള അർദ്ധ വർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള അർദ്ധ വർഷം |
|---|---|---|---|
| 1 | മിനി മുത്തൂറ്റ് നിധി കെ | | 2 |
| 2 | സപ്ളൈകോ സൂപ്പർ മാർക്കറ്റ് ,എരുമേലി | 2 | 2 |
| 3 | കാത്തലിക് സിറിയൻ ബാങ്ക്,ചേനപ്പാടി | | 2 |
| 4 | മേമന ചിറ്റ്സ് & ഫിനാൻസിയേഴ്സ് മുക്കൂട്ടുതറ | 1 | 1 |
| 5 | മാക്സ് വാല്യുക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ് | 2 | 2 |
| 6 | പുലിക്കോട്ട് ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ്സ് | 1 | 1 |
| 7 | മുത്തൂറ്റ് മൈക്രോ ഫിൻ ലിമി. | 1 | |
| 8 | സെന്റ് മേരീസ് സ്കൂൾ ,എയ്ഞ്ചൽവാലി | 2 | |
| 9 | ആറാട്ടുകയം ക്ഷീരോല്പാദക | 2 | |

| | | | |
|---|---|---|---|
| | സഹകരണ സംഘം | | |
| 10 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 1,2 | |
| 11 | തേക്കുംമൂറി ഫിനാൻസ് | 2 | |
| 12 | തിരുവിതാംകൂർ ദേവസ്വം ബോർഡ്, എരുമേലി | | 1, 2 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ക്ഷീരസംഘങ്ങൾ, കരാറുകാർ എന്നിവയുൾപ്പെടെ തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-18 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 ൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളവർ 658 പേരാണ്.എന്നാൽ 2020-21 ൽ ലൈസൻസ് എടുത്തിട്ടുള്ളവർ 561പേരാണ്.2019-20നെ അപേക്ഷിച്ച് 2020-21 ൽ ലൈസൻസ് എടുത്തിട്ടുള്ളവരുടെ എണ്ണത്തിൽ കുറവുണ്ടാകുകയാണ്ചെയ്തിട്ടുള്ളത്.ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് എടുക്കാതെ ഒരു സ്ഥാപനവും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന റേഷൻ കടകൾ , കള്ള് ഷാപ്പുകൾ തുടങ്ങിയവയിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232,233,234,254വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം.149പ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ ലൈസൻസ് എടുത്തിട്ടില്ല.റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 23.1.19ലെ (സി.എസ്)എ-9-764/2019 നം.കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.ലൈസൻസ് ഈടാക്കുന്നതിലെ അപാകതകൾ ഓഡിറ്റ് എൻക്വയറി നം. 15നൽകിയതിന് മറുപടിയായി ലൈസൻസ് എടുത്തിട്ടുള്ളവരിൽ എണ്ണം കുറയാൻ കാരണം കോവിഡ് 19 മൂലം ലോക്ക്ഡൗൺ ആയതിനെ തുടർന്ന് മിക്ക വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കാത്തതിനാലാണെന്ന് അറിയിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ റേഷൻ കട ഉടമകൾക്കും ലൈസൻസ് എടുക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് താലൂക്ക് സപ്ലൈഓഫീസർക്ക് അറിയിപ്പും നൽകിയിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിരുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകളെയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ പ്രവർത്തിക്കുന്ന

**സർക്കാർ ഓഫീസുകളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള എരുമേലി ബസ്സ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നിലയിലെ മുറികളിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസ്, പൊതുമരാമത്ത് വകുപ്പ് ഓഫീസ്, എരുമേലി മാർക്കറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്റ്റാർ ഓഫീസ് എന്നീ സർക്കാർ ഓഫീസുകളിൽ നിന്നും നാളിതുവരെ കെട്ടിട വാടക ഈടാക്കിയിട്ടില്ല.ടി സർക്കാർ ഓഫീസുകളിൽ നിന്നും വാടക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 8)ന് മറുപടിയായി സർക്കാർ ഓഫീസുകളിൽ നിന്നും വാടക ഈടാക്കുന്നതിനായി കെട്ടിടങ്ങളുടെ വാടക നിശ്ചയിച്ച നൽകുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ ബിൽഡിംഗ് സെക്ഷന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് വാടക ഈടാക്കുന്നതാണെന്നും അറിയിച്ചിരുന്നു.വാടക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-20 കോവിഡ് പ്രതിരോധ ചെലവുകൾ-കണക്കുകളുടെ അവലോകനം**

2020-21 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് 57.04 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച എന്ന് ധനകാര്യ പത്രികയിൽ കാണുന്നു. 230800114-Expenses Related To Pandemic/Epidemic Control എന്ന കണക്ക് ശീർഷകത്തിലാണ് കോവിഡ് പ്രതിരോധ ചെലവുകൾ അക്കൗണ്ട് ചെയ്തിരിക്കുന്നത്. 28/05/2020 ലെ 22000092 നം. വൗച്ചർ പ്രകാരം 25 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയത് കോവിഡ് ചെലവ് ശീർഷകത്തിലാണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. ടി ചെലവ് ഉൾപ്പടെ 82.04 ലക്ഷം രൂപയുടെ ചെലവാണ് 230800114 ശീർഷകത്തിൽ നടത്തിയിട്ടുള്ളത്. CFLTC യിലേക്ക് സാധനങ്ങൾ, മരുന്ന്, ബെഡ്, കട്ടിൽ വാങ്ങൽ, നഴ്സ്-തൊഴിലാളികൾ തുടങ്ങിയവരുടെ ദിവസവേതന ശമ്പളം, CFLTC യിൽ ഭക്ഷണം നൽകിയത്, സാമൂഹ്യ അടുക്കളയുടെ പ്രവർത്തനം തുടങ്ങിയവയായിരുന്നു പ്രധാന ചെലവുകൾ.

| ഇനം | ചെലവ് തുക |
|---|---|
| കോവിഡ്-19 പ്രതിരോധം | 5,704,062/- |
| ദുരിതാശ്വാസ നിധി(CMDRF) | 2,500,000/- |
| **ആകെ** | **8,204,062/-** |

പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയ്ക്ക് കോട്ടയം ജില്ല ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും 2020-21 വർഷം തിരികെ ലഭിച്ചത് 25 ലക്ഷം രൂപയാണ്. അതിൽ 20 ലക്ഷം രൂപ മാത്രമാണ് തനത് ഫണ്ടിലേക്ക് നിക്ഷേപിച്ചിരിക്കുന്നത്. ബാക്കി 5 ലക്ഷം രൂപ പ്രത്യേക ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. 31/03/2021-ലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും 5 ലക്ഷം രൂപ ബാധ്യതയായി കാണുന്നു. കോവിഡ് ചെലവുകൾക്ക് കോമ്പൻസേഷൻ ലഭിച്ചതിൽ തനത് ഫണ്ടിലേക്ക് മാറ്റാൻ അവശേഷിക്കുന്ന തുക മാറ്റി 5 ലക്ഷം രൂപയുടെ ബാധ്യതയും ക്രമീകരിക്കേണ്ടതാണ്.

**1-21 മാലിന്യസംസ്കരണം ഫലപ്രദമല്ല- മാലിന്യനീക്കം നിലച്ചു- ഗ്രാമപഞ്ചായത്തിൽ മാലിന്യപ്രശ്നം അതിരൂക്ഷം**

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 219 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഖരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാതിരിക്കൽ, ജലസ്രോതസ്സുകൾ മലിനമാക്കൽ, എന്നിവ നിയമ ലംഘനമാണ് . ശിക്ഷാർഹമായ കുറ്റവുമാണ്.

എന്നാൽ എരുമേലി ഗ്രാമപഞ്ചായത്തിൽ നിലവിലെ മാലിന്യസംസ്കരണം ഫലപ്രദമല്ലായെന്ന് കാണുന്നു. തരം തിരിക്കാത്ത മാലിന്യങ്ങൾ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കവുങ്ങുംകുഴി മാലിന്യപ്ലാന്റിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രസ്തുത പ്ലാന്റിൽ മൂന്ന് ഷെഡുകളിലായി

കുമിഞ്ഞ് കൂടിയ വലിയ മാലിന്യക്കൂമ്പാരമാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്ത് വിവിധവർഷങ്ങളിലായി വൻ തുകകളാണ് മാലിന്യനിർമ്മാർജ്ജനത്തിനായി ചെലവഴിച്ചുവന്നിരുന്നത്. 2019-20, 20-21 വർഷങ്ങളിലായി 65ലക്ഷത്തിലധികം രൂപയാണ് മാലിന്യനിർമ്മാർജ്ജനത്തിനായി ചെലവഴിച്ചത്. ശബരിമല സീസണുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ ഉൾപ്പടെയുള്ളവയുടെ അശാസ്ത്രീയമായ ലാന്റ് ഫില്ലിങ്ങും തരം തിരിക്കാത്ത മാലിന്യത്തിന്റെ കേന്ദ്രീകൃത കമ്പോസ്റ്റിങ്ങ് സംവിധാനത്തിന്റെ പരാജയവും മാലിന്യനിർമ്മാർജ്ജനം എന്നത് അതിരൂക്ഷമായ അവസ്ഥയിലെത്തുന്നതിന് കാരണമായി. മാലിന്യവർദ്ധനവ് നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിതെളിക്കുന്നവയുമാണ്



കവുങ്ങുംകുഴി പ്ലാന്റിൽ ജൈവമാലിന്യങ്ങളുടെ സംസ്കരണത്തിനായി തുമ്പൂർമൂഴിമോഡൽ മാലിന്യപ്ലാന്റുകൾ സ്ഥാപിച്ചിരുന്നു. അതിന്റെ പ്രവർത്തനത്തിനായി 2019-20 വർഷം 22 ലക്ഷത്തിലേറെ തുക ചെലവഴിച്ച് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ മാലിന്യം തരംതിരിക്കൽ ഫലപ്രദമായി നടപ്പാക്കാത്തത് മൂലം പ്രസ്തുത സംസ്കരണം വേണ്ടത്ര ഫലപ്രദമായില്ലായെന്ന് കാണുന്നു. കൂടാതെ ഈ രീതിയിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന ജൈവവളത്തിന്റെ വില നിശ്ചയിക്കുകയോ ആയത് വിപണിയിലോ മറ്റ് ഏജൻസികൾക്കോ കൈമാറുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിരുന്നില്ല.

**<u>ക്ലീൻ കേരളകമ്പനിയ്ക്ക് മാലിന്യം നീക്കം ചെയ്തയിനത്തിൽ വൻ തുകയുടെ ബാദ്ധ്യത</u>**

മാലിന്യപ്ലാന്റിൽ നിന്നും തരംതിരിക്കാത്ത അജൈവമാലിന്യങ്ങൾ ക്ലീൻ കേരളകമ്പനി നീക്കം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 46,84,758/- രൂപ നൽകണമെന്ന് ആവശ്യപ്പെട്ട് ക്ലീൻ കേരളകമ്പനി നോട്ടീസ് നൽകിയിരുന്നു. എന്നാൽ 23/10/20 ലെ 4(8)നമ്പർ കമ്മറ്റി തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാതെ നടത്തിയ മാലിന്യ നീക്കത്തിന് തുക നൽകേണ്ടതില്ലായെന്ന് തീരുമാനമെടുത്തിരുന്നു. 29-7-20ലെ ഡിസി1/282/2020/തസ്വഭവ നമ്പർ സർക്കുലറിലെ നിബന്ധനകൾ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനവുമായി കമ്പനി കരാറിലേർപ്പെടേണ്ടതും മാലിന്യത്തിന് നൽകാൻ കഴിയുന്ന വില കമ്പനി ഗ്രാമപഞ്ചായത്തിനെ മുൻകൂട്ടി അറിയിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥചെയ്യുന്നു. എന്നാൽ ഈ നിബന്ധനകളൊന്നും പാലിക്കാതെ മാലിന്യനീക്കം ഗ്രാമപഞ്ചായത്തിൽ അറിയിക്കാതെയും നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് ഗ്രാമപഞ്ചായത്ത് അധികൃതരെ ബോദ്ധ്യപ്പെടുത്താതെയും ക്ലീൻ കേരള കമ്പനി 46.85 ലക്ഷം രൂപയുടെ ബിൽ തുക അയയ്ക്കുകയാണ് ഉണ്ടായത്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് യാഥാർത്ഥ്യം ബോദ്ധ്യപ്പെടുത്തി ടി ബാദ്ധ്യത ഒഴിവാക്കിയെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെടുന്ന മാലിന്യനീക്കം ചെയ്യലിനായി നിലവിൽ 2020-21 വരെ നിർജ്ജീവമായിരുന്ന ഹരിതകർമ്മസേനയെ പുനരുജ്ജീവിപ്പിച്ച് എടുത്തിട്ടുണ്ട്. മാലിന്യനീക്കം നടത്തുന്നതിനായി ഉപയോഗിച്ച് വന്നിരുന്ന ടിപ്പർ ലോറി കാലപ്പഴക്കം മൂലം ഉപയോഗശൂന്യമായതിനെ തുടർന്ന് 2019-20 വർഷം 13.15ലക്ഷം രൂപ ചെലവഴിച്ച് ടിപ്പർ ലോറി വാങ്ങിയിരുന്നു. ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്തുള്ള വലിയതോട്, ചെറിയതോട് എന്നിവ മാലിന്യവാഹിനികളായി തുടരുന്ന അവസ്ഥയാണ് സ്ഥലപരിശോധനയിൽ കാണാൻ സാധിച്ചത്. തുടർച്ചയായി ഉണ്ടാകുന്ന വെള്ളപ്പൊക്കം മൂലം മാലിന്യം വന്നടിഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടുന്ന അവസ്ഥ സംജാതമാകുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 219എസ്(1,2) എന്നിവ പ്രകാരം ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നത് ജാമ്യമില്ലാത്ത കുറ്റമാകുന്നതും 25000/-രൂപ വരെ

പിഴയും ഒരുവർഷം വരെ തടവും കിട്ടാവുന്ന കുറ്റകൃത്യമാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത വിഷയത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തി നിയമത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ നടപ്പാക്കുന്നതിനും അതുവഴി ഗ്രാമപഞ്ചായത്തിലെ മാലിന്യപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം നേടുന്നതിനും നടപടിയുണ്ടാകേണ്ടതുണ്ട്.

നഗരസ്വഭാവമുള്ള ജനസാന്ദ്രതയേറിയ എരുമേലി ഗ്രാമപഞ്ചായത്തിൽ 2016ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ എന്നിവയനുസരിച്ചുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരുന്നില്ലായെന്നത് സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അലംഭാവമാണ് കാണിക്കുന്നത്. നിലവിൽ മാലിന്യസംസ്കരണം യഥാവിധിയല്ല നടന്നുവരുന്നത് എന്ന് വ്യക്തമാകുന്നു. മാലിന്യസംസ്കരണത്തിൽ വീഴ്ചകളുണ്ടാവുന്ന പക്ഷം ദേശീയ/സംസ്ഥാന ഹരിത ട്രൈബ്യൂണലിൽ നിന്നും ശിക്ഷാനടപടികൾ ഉണ്ടാകാനുള്ള സാദ്ധ്യതകളും നിലനിൽക്കുന്നു. പ്രസ്തുത വിഷയത്തിൽ ദീർഘണവീക്ഷണത്തോടെയുള്ള പരിഹാരനടപടികൾ ഉണ്ടാകേണ്ടതിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 ക്ഷേമപെൻഷനുകൾ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും വിതരണം-ഗുരുതര വീഴ്ച

എരുമേലി ഗ്രാമ പഞ്ചായത്തിലെ 2020-21 കാലയളവിലെ ഏതാനും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ഗോപി കൊല്ലമല | വാർദ്ധക്യ കാല പെൻഷൻ | 105670200585 | 31-7-20 | 8/20 -1/21 | 8400 |
| 2 | മത്തായി തോമസ് | വാർദ്ധക്യ കാല പെൻഷൻ | 105670202785 | 31-8-20 | 9/20 -11/20 | 4200 |
| 3 | സരോജിനി | വാർദ്ധക്യ കാല പെൻഷൻ | 105670200453 | 22-5-20 | 6/20 -1/21 | 11000 |
| 4 | മാധവൻ | വാർദ്ധക്യ കാല പെൻഷൻ | 105670203180 | 7-6-20 | 7/20 -11/20 | 6800 |
| 5 | തോമസ് വർക്കി | വാർദ്ധക്യ കാല പെൻഷൻ | 105670200397 | 3-6-20 | 7/20 -9/21 | 22300 |
| 6 | രാജപ്പൻ പിള്ള | വാർദ്ധക്യ കാല പെൻഷൻ | 105670201959 | 24-6-20 | 7/20 -9/21 | 22300 |
| 7 | ആയിഷാബീവി | വാർദ്ധക്യ കാല പെൻഷൻ | 105670202438 | 13-7-20 | 8/20 -2/21 | 9900 |
| 8 | മേരിക്കുട്ടി ആന്റണി | വാർദ്ധക്യ കാല പെൻഷൻ | 105670202995 | 9-2-20 | 3/20,4/20, 9/20, 10/20, 1/21,9/21 | 8400 |
| 9 | സോമൻ പിള്ള | വികലാംഗപെൻഷൻ | 105670400603 | 3-3-20 | 4/20 To 9/21 | 26200 |
| 10 | പികെ രാമകൃഷ്ണൻ | കർഷകതൊഴിലാളി പെൻഷൻ | 105670100159 | 14-3-20 | 4/20 To 10/20 | 9300 |

| | | | | | | |
|---|---|---|---|---|---|---|
| 11 | റ്റി ഗോപിനാഥ് | വാർദ്ധക്യ കാല പെൻഷൻ | 105670200723 | 27-2-20 | 3/20 To 9/20 | 9100 |
| 12 | സരളമ്മ രവി | വിധവാ പെൻഷൻ | 105670601374 | 5-4-20 | 5/20 To9/21 | 24900 |
| 13 | കമലാക്ഷി | വിധവാ പെൻഷൻ | 105670600779 | 30-3-20 | 4/20 To 9/21 | 26200 |
| 14 | മറിയം ബീവി | വാർദ്ധക്യ കാല പെൻഷൻ | 105670200301 | 22-4-20 | 5/20 To 9/21 | 24900 |
| 15 | ശാന്തമ്മ സുകുമാരൻ | വാർദ്ധക്യ കാല പെൻഷൻ | 105670200412 | 15-11-20 | 12/20 To9/21 | 15500 |
| 16 | ഏലിയാമ്മ ജോസഫ് | വാർദ്ധക്യ കാല പെൻഷൻ | 105670201051 | 9-10-20 | 11/20 To 9/21 | 16900 |
| 17 | രാജാമണി രാമൻകുട്ടി | വിധവാ പെൻഷൻ | 105670600810 | 8-12-20 | 5/21 To 9/21 | 8000 |
| 18 | രത്നമ്മ | വാർദ്ധക്യ കാല പെൻഷൻ | 105670201593 | 27-11-20 | 12/20 To 9/21 | 15500 |
| 19 | ശാന്തമ്മ തങ്കപ്പൻ | വിധവാപെൻഷൻ | 105670600534 | 20-11-20 | 12/20 To 9/21 | 15500 |
| 20 | ജാനകി | വാർദ്ധക്യ കാല പെൻഷൻ | 105670201430 | 9-11-20 | 12/20 To9/21 | 15500 |
| | ആകെ | | | | | 3,00,080/- |

സർക്കാർ അനുവദിച്ച പെൻഷൻ നിരക്കുകൾ/പ്രാബല്യ തീയതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| 4/20 മുതൽ | 1300/- |
| 9/20 മുതൽ | 1400/- |
| 1/21 മുതൽ | 1500/- |
| 4/21 മുതൽ | 1600/- |

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നതിന്റെ സാഹചര്യം വ്യക്തമല്ല . മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ എരുമേലി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം - 17/21) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ 67/20 നമ്പർ സർക്കുലർ , ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 3,00,800/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് . ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

**1-23 മുക്കൂട്ടുതറ ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് സൗജന്യമായി സ്ഥലം വിട്ടുനൽകൽ- സ്ഥലം മുതൽക്കൂട്ടാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചില്ല**

മുക്കൂട്ടുതറ ബസ് സ്റ്റാൻഡിനായി 19-ാം വാർഡിൽ അസീസി ഹോസ്പിറ്റലിന് സമീപമായി 50സെന്റ് സ്ഥലം(1.5കോടി മതിപ്പ് വില) സൗജന്യമായി വിട്ടു നൽകുന്നതിന് ശ്രീ അനീഷ് പാറക്കടവിൽ എന്നയാളുടെ സമ്മതപത്രം ലഭിച്ചിരുന്നു. -സർക്കാർ അനുമതി വാങ്ങുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിനും 25/5/19 ലെ 3(1) നമ്പരായി ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തതിന്റെ തുടർ നടപടികൾ വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16) മറുപടി ലഭ്യമായിരുന്നില്ല. 2005ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുആർജ്ജിക്കൽ കൈയ്യൊഴിയൽ) ചട്ടങ്ങൾ പ്രകാരം വസ്തു ആർജ്ജിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടറുടെ അനുയോജ്യതാസർട്ടിഫിക്കേറ്റ് നേടുകയോ ഭൂമിയുടെ രേഖകൾ ഗവ.പ്ലീഡറെക്കൊണ്ട് പരിശോധിപ്പിക്കുകയോ ചെയ്തിരുന്നില്ല. 1.5 കോടി രൂപ മതിപ്പുവിലയുള്ള സ്ഥലം ഗ്രാമപഞ്ചായത്തിന്റെ അനാസ്ഥമൂലം നഷ്ടമാവുന്ന അവസ്ഥയിലാണ്. നിയമപ്രകാരമുള്ള പരിശോധനകൾ പൂർത്തീകരിച്ച് പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**1-24 ശബരിമല ഗ്രാന്റ് വിനിയോഗം-ഫലപ്രാപ്തിയില്ലാത്ത പ്രൊജക്ടുകൾക്ക് വിനിയോഗം**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രൊ.നം 479/21 ശബരിമല- തുണിസഞ്ചിവാങ്ങി നൽകൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി 25600/- രൂപ ശബരിമല ഗ്രാന്റ് വിഹിതം ചെലവഴിച്ച് 2000 തുണിസഞ്ചികൾ വാങ്ങി വിതരണം ചെയ്തിരുന്നു. പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കാത്ത ഗ്രാമപഞ്ചായത്തിൽ പ്രസ്തുത രീതിയിൽ ഫലപ്രാപ്തിയില്ലാതെ ഗ്രാന്റ് തുക ചെലവഴിക്കുന്നതിന് പ്രത്യേകാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17) മറുപടിയായി ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഇത്തരമൊരു പ്രൊജക്ട് നടപ്പാക്കാൻ തീരുമാനമെടുത്തത് എന്നറിയിച്ചിരുന്നുവെങ്കിലും ആയതിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. 5 ദിവസം മാത്രം ഏതാനും ചില അയ്യപ്പഭക്തർക്ക് മാത്രം തുണിസഞ്ചി വിതരണം നടത്തുക (വിതരണം എപ്രകാരമെന്ന് വ്യക്തമല്ല) വഴി പ്ലാസ്റ്റിക് നിരോധനമെന്ന ബൃഹത്തായ ആശയം ഫലപ്രാപ്തിയിലെത്തുക എന്നത് അസാദ്ധ്യമായ കാര്യമാണ്. ശബരിമല സീസൺ സമയത്തും അല്ലാത്തപ്പോഴും പ്ലാസ്റ്റിക് നിരോധനം പ്രാവർത്തികമാക്കുക, നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കുക എന്നീ നടപടികളൊന്നും ചെയ്യാതെ 5 ദിവസത്തേക്ക് മാത്രം 12 രൂപ നിരക്കിൽ 2000 തുണിസഞ്ചി വാങ്ങുകയും അത് വിതരണം ചെയ്യുന്ന കുടുംബശ്രീ പ്രവർത്തകർക്ക് 5600/-രൂപ ചെലവഴിക്കുകയും ചെയ്തത് വഴി ശബരിമല ഗ്രാന്റിന്റെ ദുർവിനിയോഗം നടന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം പഫലപ്രാപ്തിയില്ലാത്ത പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-25 വിവിധ നിക്ഷേപപ്രവർത്തികൾ- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിരുന്നില്ല**

വിവിധ പ്രൊജക്ട് പ്രകാരം കെഎസ്ഇബി ഉൾപ്പടെയുള്ള ഏജൻസികളിൽ തുക നിക്ഷേപിച്ചിരുന്നുവെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊ.നം &പേര് | നിക്ഷേപിച്ച തുക | നിക്ഷേപിച്ച |
|---|---|---|

| | | |
|---|---|---|
| | | ഏജൻസി |
| 91/21 ഗാന്ധിറോഡിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് 3ഫേസ് ലൈൻ വലിക്കൽ | 91571/- (ബിൽ നം.48/30.01.2021) | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, എരുമേലി |
| 4/21 എസ് എസ് എ വിഹിതം നൽകൽ | 6,50,500/-(ബിൽ നം.32/12.10.2020) | District Project Officer, SSK |
| 203/21 എബിസി പ്രോഗ്രാം | 2,10,000/-(18/11.08.2020) | കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്റർ, കോട്ടയം |
| 480/21 6,7 വാർഡുകളിൽ തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 1,89,131/-(ചെക്ക് നം.52000803/04.11.2020) | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, എരുമേലി |
| 512/21 തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | 1,98,016(ബിൽ നം.54/26.02.2021) | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, എരുമേലി |
| 34/21 വിവിധവാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2,42,582/- | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, എരുമേലി |
| 335/21, 6,7,11,13,16,17,18,20,22,23 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 13,45,207/-(ബിൽ നം.5/15.05.2020, 37/23.11.2020) | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, എരുമേലി |
| 306/21 1,2,3,4 സ്ട്രീറ്റ് ലൈൻ വലിച്ച് മീറ്റർ സ്ഥാപിക്കൽ | 5,84,266/- (ബിൽ നം.06/15.05.2021) | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, കാഞ്ഞിരപ്പള്ളി |
| 307/21 തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 6,41,113/-(ബിൽ നം.7/14.05.2020) | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, എരുമേലി |
| ആകെ | 41,52,386 | |

നിക്ഷേപം നടത്തിയ സ്ഥാപനങ്ങളുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിരുന്നില്ല. പ്രസ്തുത പ്രൊജക്റ്റുകളുടെ നിർവ്വഹണം നടത്തിയതിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമായിരുന്നില്ല. നിക്ഷേപപ്രവർത്തികളുടെ വിനിയോഗസാക്ഷ്യപത്രം മോണിറ്ററിങ്ങ് റിപ്പോർട്ട് സഹിതം ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 41,52,386/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 എരുത്വാപുഴകുടിവെള്ളപദ്ധതി-നിർവ്വഹണത്തിലെ അപാകത

സംയോജിത പട്ടികവർഗ്ഗവികസന പ്രൊജക്റ്റ് ഓഫീസറുടെ ITDP5451/16 പ്രകാരം എരുത്വാപുഴകുടിവെള്ള പദ്ധതിയ്ക്കായി 2017-18 വർഷം 11,87,000/-രൂപ ലഭിച്ചിരുന്നു. എരുത്വാപുഴപട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക

എന്നലക്ഷ്യത്തോടെ കോളനിയിലെ നിലവിലുള്ള കിണർ വൃത്തിയാക്കുക, വാട്ടർടാങ്ക്, ടാങ്ക് ബേസ്, പമ്പിങ്ങ് മെയിൻ , വിതരണപൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ പ്രവർത്തികൾക്കാണ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്റ്റ് (പ്രൊജക്റ്റ് നം.482/2021) തയ്യാറാക്കിയത്. മോട്ടോർ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ, പൈപ്പ് ലൈൻ ലേയിങ്ങ് എന്നിവ പൂർത്തിയാക്കി 11,70,170/-രൂപ ചെലവഴിച്ചിരുന്നു. ഇലക്ട്രിക് പ്രവർത്തികൾ ശ്രീ ജോസഫ് എന്ന കരാറുകാരനും മറ്റ് പ്രവർത്തികൾ സുനികോ കൺസ്ട്രക്ഷൻസുമാണ് ചെയ്തത്.

എന്നാൽ 14-ാം വാർഡിലെ 13-2-21ലെ ഊരുകൂട്ടമിനിറ്റ്സ് പ്രകാരം വളരെ ക്വാളിറ്റി കുറഞ്ഞ ഒരു ഇഞ്ച് കനം പോലുമില്ലാത്ത പിവിസി പൈപ്പുകളാണ് ഇട്ടതെന്നും 10വീട്ടുകാർക്കുപോലും വെള്ളം കിട്ടാത്ത പൊതുകിണറ്റിലാണ് സ്ഥാപിച്ചതെന്നും കോളനിവാസികൾ പരാതി ഉന്നയിച്ചിരുന്നു. മണ്ണിനടിയിൽ കൂടി ഇടേണ്ട പിവിസി പൈപ്പുകൾ മണ്ണിന് മുകളിൽ കൂടിയാണ് ഇട്ടിരിക്കുന്നതെന്നും പമ്പിങ്ങ് മെയിനിന് 50mm പിവിസി പൈപ്പ് ഉപയോഗിച്ചത് മൂലം വെള്ളം പമ്പ് ചെയ്യുന്ന സമയത്ത് പ്രഷർ താങ്ങാതെ വെള്ളം ലീക്ക് ചെയ്ത് ചിതറിതെറിക്കുന്നതായും സ്നേഹ, ഉദയ, നവശക്തി എന്നീ കുടുംബശ്രീ അംഗങ്ങളും പരാതി നൽകിയിരുന്നു. പ്രസ്തുത പരാതിയിൻമേൽ അന്വേഷണം നടത്തി അപാകതകൾ പരിഹരിക്കേണ്ടതും കുടിവെള്ളം എല്ലാവീട്ടുകളിലും എത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിനായി വാർഡ് മെമ്പർ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ, പട്ടികവർഗപ്രൊമോട്ടർ, തെരഞ്ഞെടുക്കപ്പെട്ട ഊരുകൂട്ട ഗുണഭോക്താവ് എന്നിവരെ ഉൾപ്പെടുത്തി മോണിറ്ററിങ്ങ് സമിതി രൂപീകരിക്കേണ്ടതും തുടർ പ്രവർത്തനം നിരീക്ഷിക്കേണ്ടതുമാണ്.

**<u>ബിൽ തുകയിൽ നിന്നും ജിഎസ് ടി ഈടാക്കിയില്ല</u>**

പ്രസ്തുത പ്രൊജക്റ്റിന് ആദ്യപാർട്ട് ബില്ലായി നൽകിയ തുകയിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന ജി എസ് ടി ഈടാക്കിയിരുന്നില്ല. ഫൈനൽ ബിൽ നൽകിയപ്പോഴും ആദ്യബില്ലിലെ ജിഎസ് ടി ഈടാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക |
|---|---|---|
| വേലമൂല്യം(Ist Part Bill) | 409592 | 409592 |
| + GST 12% | 49151 | 49151 |
| ആകെ | 458743 | 458743 |
| IT 1% | 4096 | 4096 |
| Kcwwf 1% | 4096 | 4096 |
| CGST1% | Nil | 4096 |
| SGST | Nil | 4096 |
| അറ്റതുക | 450551 | 442359 |

ജിഎസ് ടി യിനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യേണ്ടിയിരുന്ന 8192/-രൂപ (4096x2) കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**<u>1-27 ആശ്രയ പദ്ധതി- വികസനഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു- ക്രമപ്രകാരമല്ല</u>**

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രൊ.നം 33/21 പ്രകാരം ആശ്രയപദ്ധതിയ്ക്കായി 5ലക്ഷം രൂപ (ബിൽ നം 4/23-11-20) വികസനഫണ്ടിൽ നിന്നും കുടുംബശ്രീ അക്കൗണ്ടിലേക്ക് (A/C No 40601101037472ഗ്രാമീൺബാങ്ക്) ട്രാൻസ്ഫർ ചെയ്തിരുന്നു. പ്രസ്തുത പ്ലാൻഫണ്ട് തുക പിൻവലിച്ച് പ്രൊജക്റ്റ് നിർദ്ദേശപ്രകാരമുള്ള കാര്യങ്ങൾക്ക് വിനിയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം10)മറുപടി ലഭ്യമാക്കിയില്ല. വികസനഫണ്ട് വിഹിതം പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത്

ക്രമപ്രകാരമല്ല. വികസനഫണ്ട് വിനിയോഗിച്ച് ഗുണഭോക്താക്കൾക്ക് ഭക്ഷണം ഉൾപ്പടെ നൽകിവരുന്നതായി അക്കൗണ്ട് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇത് ശരിയായ നടപടിയല്ല. ഭക്ഷണം മരുന്ന് മുതലായ ആവശ്യങ്ങൾക്ക് ചലഞ്ച് ഫണ്ടോ തനത് ഫണ്ടോ വിനിയോഗിക്കാവുന്നതാണ്. വികസനഫണ്ട് വിഹിതം ഭൗതികസാഹചര്യം വർദ്ധിപ്പിക്കാനുള്ള വീട്, കക്കൂസ്, കിണർ എന്നിവയ്ക്കായി മാത്രമേ വിനിയോഗിക്കാവൂ. കൃത്യമായ ലക്ഷ്യമില്ലാതെ വികസനഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുകയും ആയത് ഭക്ഷണത്തിനായി ചെലവഴിക്കുകയും ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല. വികസനഫണ്ട് ചെലവഴിച്ച 5ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.പ്രൊജക്റ്റ് പ്രകാരമുള്ള വിനിയോഗം നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ടെണ്ടർ കുറവ് കിഴിച്ചുള്ള തുകക്ക് ജി എസ് ടി കോമ്പൻസേഷൻ നല്കുന്നതിന് പകരം വേലമൂല്യത്തിന് ജി എസ് ടി കോമ്പൻസേഷൻ നല്കി

ഡി എസ് ആർ 2016 കോസ്റ്റ് ഇൻഡക്സ് 37.31 പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തകളിൽ ജി എസ് റ്റി ഉൾപ്പെടുന്നില്ലാത്തതിനാൽ വേലമൂല്യത്തിന്റെ 12% ജി എസ് റ്റി കോമ്പൻസേഷനായി നല്കുന്നതിന് അനുമതി ഉണ്ട്. ഇത്തരം പ്രവൃത്തികളിൽ വേലമൂല്യം കണക്കാക്കി ആയതിൽ നിന്നും ടെണ്ടർ കിഴിവ് കുറച്ച് ലഭിക്കുന്ന തുകയോടൊപ്പം 12% ജി എസ് റ്റി കോമ്പൻസേഷൻ തുക കൂടി ഉൾപ്പെടുത്തി പിൻവലിക്കുകയും നികുതികൾ കിഴിച്ച് കരാറുകാരന് തുക നല്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ചില പ്രവൃത്തികളിൽ ടെണ്ടർ കിഴിവ് കുറക്കാത്ത വേലമൂല്യത്തിന്റെ 12% ജി എസ് റ്റി കോമ്പൻസേഷനായി നല്കിയതിലൂടെ പഞ്ചായത്തിന് അധികച്ചെലവ് വരുത്തിയിട്ടുള്ളതായി കാണുന്നു.വിശദവിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്/നമ്പർ | കരാറുകാരൻ | ചെലവഴിച്ച തുക | | ചെലവഴിക്കാവുന്ന തുക | അധികം ചെലവഴിച്ചത് |
|---|---|---|---|---|---|---|
| 1 | വയലുങ്കൽപടി-എസ് സി കോളനി റോഡ്, 301/21 (വികസന ഫണ്ട് SCP ബിൽ നം / തീ , 2/15-4-20) | ജോർജ് ആന്റണി | വേലമൂല്യം | 265845 | 265845 | |
| | | | ടെണ്ടർ കുറവ് 12% | 31901 | 31901 | |
| | | | യഥാർത്ഥ മൂല്യം | 233944 | 233944 | |
| | | | ജി എസ് ടി കോമ്പൻസേഷൻ 12% | 31901 | 28073 | |
| | | | ആകെ | 265845 | 262017 | 3828 |
| 2 | പുലിയുറുമ്പപടി-വെൺമാന്തറ റോഡ്, 296/2021 (MGR,ബിൽ നം /തീ, 14/15-4-20) | ഗിരീഷ് കുമാർ | വേലമൂല്യം | 266635 | 266635 | |
| | | | ടെണ്ടർ കുറവ് 10.2% | 27197 | 27197 | |
| | | | യഥാർത്ഥ മൂല്യം | 239438 | 239438 | |
| | | | ജി എസ് ടി കോമ്പൻസേഷൻ 12% | 31996 | 28733 | |
| | | | ആകെ | 271437 | 268171 | 3266 |

| | | | | | | |
|---|---|---|---|---|---|---|
| 3 | മേക്കാട്- ഓലിക്കൽ പ്ലാവ് റോഡ്,053/2021 (ധന.കമീ .ഗ്രാന്റ് ,ബിൽ നം /തീ 128/16-3-21) | സണ്ണി സി ടി | വേലമൂല്യം | 267486 | 267486 | |
| | | | ടെണ്ടർ കുറവ് 13.1% | 35040 | 35040 | |
| | | | യഥാർത്ഥ മൂല്യം | 232446 | 232446 | |
| | | | ജി എസ് ടി കോമ്പൻ സേഷൻ 12% | 30450 | 27894 | |
| | | | ആകെ | 262896 | 260340 | 2556 |

മേൽ പറഞ്ഞ 3 പ്രവ്യത്തികളിൽ ടെണ്ടർ കുറവ് കിഴിച്ചുള്ള തുകക്ക് ജി എസ് ടി കോമ്പൻസേഷൻ നല്കുന്നതിന് പകരം വേലമൂല്യത്തിന് ജി എസ് ടി കോമ്പൻസേഷൻ നല്കിയതിലൂടെ പഞ്ചായത്തിന് അധികച്ചെലവ് വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അധികം നല്കിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽപറഞ്ഞ തുക ഈടാക്കുന്നതോടൊപ്പം സമാനരീതിയിൽ മറ്റ് പ്രവ്യത്തികളിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രവ്യത്തികളുടെ ഫൈനൽ ബിൽ പ്രകാരം അധികം നല്കിയ 9650 രൂപ (3828+3266+2556) തെറ്റായ രീതിയിൽ ബിൽ തയ്യാറാക്കി തുക പിൻവലിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>1-29 ടെണ്ടർ കുറവ് പരിഗണിക്കാത്തതു മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവ്</u>**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 ൽ ആസൂത്രണം ചെയ്ത് 2020-21 ൽ പൂർത്തിയാക്കിയ പ്രവ്യത്തിയുടെ ഫൈനൽ ബിൽ തുക നല്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിക്കാത്തതു മൂലം പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട് .വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് വിശദാംശങ്ങൾ | | ചെലവഴിച്ച തുക | | നിയമാനുസ്യതം ചെലവഴിക്കാവുന്നതുക |
|---|---|---|---|---|
| പേര് | മാലിന്യ പ്ലാന്റിന് മുൻപിൽ ഡ്രയിനേജ് | വേലമൂല്യം | 376876 | 376876 |
| | | ടെണ്ടർ കുറവ് (13.99%) | .......... | 52725 |
| | | ബാക്കി | 376876 | 324151 |
| പ്രോജക്റ്റ് നമ്പർ | 401/20,455/21 ആകെ ചെലവ് 422101/- രൂപ (തനത് ഫണ്ട്) | ജി എസ് റ്റി കോമ്പൻസേഷൻ 12% (+) | 45225 | 38898 |
| കരാറുകാരൻ | അഹമ്മദ് ഷക്കീർ | ആകെ | 422101 | 363049 |
| ഫണ്ടിനം | തനത് ഫണ്ട് | ഐ റ്റി (-) | 3769 | 3242 |
| | | വെൽഫയർ ഫണ്ട്(-) | 3769 | 3242 |
| ചെക്ക് | 5733121/14-8- | SGST (-) | 3769 | 3242 |
| | | | | |

| | | | | |
|---|---|---|---|---|
| നമ്പർ തീയതി | 2020 | CGST (-) | 3769 | 3242 |
| | | കരാറുകാരന് | 407025 | 350081 |

ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തയ്യാറാക്കി തുക നല്കിയതു മൂലം 59052/-രൂപയുടെ അധികച്ചെലവ് (422101-363049) പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/20.10.2021) തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.ഇതിൽ പഞ്ചായത്തിനുണ്ടായ അധികച്ചെലവിന് ബിൽ തയ്യാറാക്കി തുക പിൻവലിച്ച നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയാണ് . ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും അധികം ചെലവായ 59052/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-29-1 ടെണ്ടർ കുറവ് പരിഗണിക്കാത്തതു മൂലം അധികച്ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 ൽ ആസൂത്രണം ചെയ്ത് 2020-21 ൽ പൂർത്തിയാക്കിയ പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നല്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിക്കാത്തതു മൂലം പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ | | ചെലവഴിച്ച തുക | | നിയമാനുസൃതം ചെലവഴിക്കാവുന്ന തുക |
|---|---|---|---|---|
| പേര് | മാടപ്പാട് ഇലഞ്ഞൂർപ്പടി റോഡ് | വേലമൂല്യം | 240304 | 240304 |
| | | ടെണ്ടർ കുറവ് (13%) | ....... | 31240 |
| | | ബാക്കി | 240304 | 209064 |
| പ്രോജക്ട് നമ്പർ | 139/20,424/21 | ജി എസ് റ്റി കോമ്പൻസേഷൻ 12%(+) | 28837 | 25088 |
| കരാറുകാരൻ | അനന്തു ഷാജി | ആകെ | 269141 | 234152 |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് | ഐ റ്റി (-) | 2403 | 2090 |
| | | വെൽഫയർ ഫണ്ട്(-) | 2403 | 2090 |
| ബിൽ നമ്പർ തീയതി | 117/27-2-21 | SGST (-) | 2403 | 2090 |
| | | CGST (-) | 2403 | 2090 |
| | | ഫൈൻ 1% | 2410 | 2410 |
| | | കരാറുകാരന് | 257119 | 223152 |

ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തയ്യാറാക്കി തുക നല്കിയതു മൂലം 34989/-രൂപയുടെ അധികച്ചെലവ് (269141-234152) പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/25.10.2021) തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.ഇതിൽ പഞ്ചായത്തിനുണ്ടായ അധികച്ചെലവിന് ബിൽ തയ്യാറാക്കി തുക പിൻ വലിച്ച നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയാണ് . ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും അധികം ചെലവായ 34989/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-30 ആവശ്യകത നിർണ്ണയിക്കാതെ വാങ്ങിയ ധാതുലവണ മിശ്രിതം വിതരണം ചെയ്യാതെ

**അവശേഷിക്കുന്നു**

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 ൽ 196/ 21 നമ്പരായി ആസൂത്രണം ചെയ്ത ധാതുലവണമിശ്രിതം വാങ്ങൽ എന്ന പ്രോജക്ടിനായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 200100/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം 10/16-3-2021). 230 അംഗീകൃത ഗുണഭോക്താക്കൾക്ക് 870 രൂപ വിലവരുന്ന മിശ്രിതം വിതരണം ചെയ്യുകയായിരുന്നു പദ്ധതി. കേരള വെറ്റിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽ നിന്നും 2143 കി ഗ്രാം ധാതുലവണ മിശ്രിതം കി. ഗ്രാമിന് 90 രൂപ നിരക്കിൽ (192870രൂപ)വാങ്ങിയിട്ടുണ്ട്.ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 200100/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദപരിശോധനയിൽ ആകെ 108 അപേക്ഷകൾ ലഭിച്ചിട്ടുള്ളതായും ഇവർക്ക് 9 കീ ഗ്രാം വീതം 972കി ഗ്രാം (9*90=810 രൂപ) നല്കിയിട്ടുള്ളതായും കാണുന്നു. ആകെ വാങ്ങിയതിൽ 87480/- രൂപയുടെ മിശ്രിതം വിതരണം ചെയ്യുകയും 105390/- രൂപയുടെ മിശ്രിതം (1171 കീ ഗ്രാം) ഗുണഭോക്താക്കളിലാത്തതിനാൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നതായും കാണുന്നു (192870-87480).

25-2-2021 ൽ ലഭിച്ച വളത്തിൽ 1029 കി ഗ്രാം മിശ്രിതം ഗുണഭോക്താക്കളില്ലാത്തതിനാൽ (രേഖകകൾ പ്രകാരം 1171 കി ഗ്രാം കാണണം) വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും, ആയത് മുക്കുട്ടുതറയിലുള്ള MFAU വിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് വിതരണം ചെയ്യുന്നതിന് പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി നല്കണമെന്നും 25/9/21 ൽ വെറ്ററിനറി സർജൻ സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുണ്ട്.

ധാതുലവണമിശ്രിത വിതരണത്തിന് 30-7-2020 ൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രകാരം 173 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത് . ഇവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ആവശ്യക്കാർക്ക് മാത്രം സാധനം വാങ്ങുന്നതിന് പകരം 230 ഗുണഭോക്താക്കൾക്ക് ഉള്ള സാധനം വാങ്ങിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചത് 02/2020 മുതലാണ്.ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് 7 മാസത്തോളം സമയമുണ്ടായിട്ടും ആയത് വിനിയോഗിക്കാതെ ആവശ്യത്തിലധികം സാധനം വാങ്ങി പഞ്ചായത്തിന് 105390/- രൂപയുടെ അനാവശ്യ ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 2/20-21 തീ 16-10-2021) നല്കിയ മറുപടിയിൽ ഗുണഭോക്താക്കളെ കണ്ടെത്തി നഷ്ടം വരാതെ മിശ്രിതം വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചു . പൂർണ്ണമായും വിതരണം ചെയ്യും വരെ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള മിശ്രിതത്തിന്റെ വില 105390/-രൂപ തടസ്സപ്പെടുത്തുന്നു. മിശ്രിതം പൂർണ്ണമായും വിതരണം ചെയ്ത് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-31 കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക നല്കി തീർപ്പാക്കിയ പ്രോജക്ടിന് വീണ്ടും തുക വകയിരുത്തി**

ലോകബാങ്ക് സഹായത്തോടെ 2012-13 ൽ ആസൂത്രണം ചെയ്ത വൃദ്ധസദനം (പുരുഷൻ),വൃദ്ധസദനം (സ്ത്രീകൾ), പഴയിടം അങ്കണവാടി എന്നീ പദ്ധതികൾ കരാറെടുത്തവർ യഥാക്രമം 16-1-2014,23-1-2014,17-3-2014 തീയതികളിൽ പ്രവൃത്തി പൂർത്തീകരിക്കുകയും പാർട്ബില്ലുകൾ പ്രകാരമുള്ള തുക കൈപ്പറ്റുകയും ചെയ്തിരുന്നു. പഞ്ചായത്തിന്റെ വാർഷികകണക്കുകൾ കൃത്യമല്ലാത്തതിനാൽ ക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിച്ചതിനെ തുടർന്ന് ലോകബാങ്ക് സഹായം തുടർന്ന് ലഭിക്കാതിരിക്കുകയും ചെയ്തു. പ്രവർത്തി പൂർത്തീകരിച്ചതിനാൽ ഫൈനൽ ബിൽ തുക നല്കാൻ ബാദ്ധ്യത ഉണ്ടായിരുന്ന പഞ്ചായത്ത് മറ്റ് ഫണ്ടുകൾ കണ്ടെത്തി തുക നല്കിയില്ല (വൃദ്ധസദനം പഞ്ചായത്തിന്റെ ചുമതലയല്ല എന്ന ഓഡിറ്റ് പരാമർശം മൂലം തുക നല്കിയില്ല എന്ന് ഫയലിൽ കാണുന്നു. കരാർ പ്രകാരം പ്രവൃത്തി നടത്തിയ കരാറുകാരന് തുക നല്കുന്നത് ഒഴിവാക്കാൻ പരാമർശം കാരണമല്ല). തുക ലഭിക്കാത്തതിനെ തുടർന്ന് കരാറുകാർ കോടതിയെ സമീപിക്കുകയും പലിശയടക്കം തുക നല്കുന്നതിന് കോടതി ഉത്തരവാകുകയും ചെയ്തു. ഉത്തവിന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് താഴെ പറയും പ്രകാരം തുക 2018-19 ൽ തനത് ഫണ്ടിൽ നല്കി.

| പ്രവൃത്തി | വേലമൂല്യം(പാർട് ബിൽ കഴിഞ്ഞ് നല്കേണ്ടതുക) | പലിശയടക്കം നല്കേണ്ടി വന്ന തുക(നികുതികൾ ഉൾപ്പെടെ) | അധികച്ചെലവ് |
|---|---|---|---|
| വൃദ്ധസദനം(പുരുഷൻമാർ) | 921523 | 1223443 | 301920 |
| വൃദ്ധസദനം(സ്ത്രീകൾ) | 950277 | 1261618 | 311341 |
| പഴയിടം അങ്കണവാടി | 758468 | 1006967 | 248499 |
| ആകെ | 2630268 | 3492028 | 861760 |

വാർഷികകണക്ക് കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിൽ വന്ന വീഴ്ചയും,ലോകബാങ്ക് സഹായം ലഭിക്കാത്തതിനാൽ മറ്റ് ഫണ്ട് കണ്ടെത്തി കരാറുകാർക്ക് നല്കുന്നതിൽ വന്ന വീഴ്ചയും മൂലം പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും പലിശയിനത്തിൽ 861761 രൂപയുടെ അധികച്ചെലവ് ഉണ്ടായി. കൂടാതെ ലോകബാങ്ക് സഹായത്തോടെ നടത്തേണ്ടിയിരുന്ന 2630268/- രൂപയുടെ ചെലവ് തനത് ഫണ്ടിൽ നിന്നും നടത്തേണ്ടതായും വന്നു. തീർപ്പായ പ്രോജക്ടിനായി 2019-20,2020-21 വർഷം തനത് ഫണ്ട് 3500000/- രൂപ അനാവശ്യമായി വകയിരുത്തിയതിലൂടെ മറ്റ് പ്രോജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തുന്നതിനുള്ള സാഹചര്യവും ഇല്ലാതായി. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്ന രീതിയിൽ അപാകതകൾ ഉണ്ടാകുന്ന സാഹചര്യം ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-32 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ വിവിധ നികുതികളും തൊഴിലാളി ക്ഷേമനിധി വിഹിതവും അടവാക്കുന്നില്ല**

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എരുമേലി ബ്രാഞ്ചിലുള്ള 67231744790 നമ്പർ അക്കൗണ്ടിൽ 13-10-2021 ൽ 702555 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇതിൽ 320900 രൂപ ബ്ലോക്ക് വിഹിതം ഉപയോഗിച്ചുള്ള മരാമത്ത് പ്രവത്തിക്ക് കരാറുകാരന് നല്കേണ്ട തുകയും (നികുതികൾ ഉൾപ്പെടെ) 381655 രൂപ മുൻകാലങ്ങളിൽ തനത് ഫണ്ട് ഉപയോഗിച്ചുള്ള വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള നികുതി വിഹിതം
( ഐ റ്റി, ജി എസ് ടി) അതാത് വകുപ്പുകളിൽ അടവാക്കാതെ സൂക്ഷിച്ചിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ജി എസ് ടി നിയമം വകുപ്പ് 51(2) പ്രകാരം മാസം അവസാനിച്ച് 10 ദിവസത്തിനകം ടിഡി എസ് ആയി ഈടാക്കിയ തുക സർക്കാരിലേക്ക് ഒടുക്കേണ്ടതും റിട്ടേൺ ഫയൽ ചെയ്യേണ്ടതുമാണ്. കൂടാതെ കിഴിവ് നടത്തിയ വ്യക്തി കരാർതുക കിഴിവിന്റെ നിരക്ക്, കുറവ് ചെയ്ത തുക മുതലായ വിവരം ഉൾപ്പെടുത്തി വിതരണക്കാരന് (Deductee) ടിഡി എസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. എന്നാൽ ജി എസ് ടി നിയമവും ചട്ടങ്ങളും പാലിക്കാതെ നികുതി തുക അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ഗുരുതരമായ കൃത്യവിലോപമാണ്.

ആദായ നികുതി കരാറുകാരിൽ നിന്നും ഈടാക്കിയത് യഥാസമയം അടവാക്കാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ആദായനികുതി നിയമത്തിലെ വകുപ്പുകളുടെ ലംഘനവും കനത്ത പിഴ ഈടാക്കുന്നതിന് കാരണവുമാണ്.

വർഷങ്ങളായി തനത് ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളിൽ നിന്നും കിഴിവ് ചെയ്ത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകയുടെ ഇനം തിരിച്ചുള്ള കണക്കും പരിശോധനക്ക് ലഭിച്ചിട്ടില്ല അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14) മറുപടി നല്കിയില്ല. നിയമ വിരുദ്ധമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഇനം തിരിച്ച് കണക്കാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടക്കേണ്ടതും ഭാവിയിൽ

ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നേരിട്ട് നല്കി സമാനരീതിയിൽ ഉണ്ടാകാവുന്ന അപാകത ഒഴിവാക്കേണ്ടതുമാണ്.

**1-33 അക്രഡിറ്റഡ് ഏജൻസി വഴി മരാമത്ത് പ്രവത്തികൾ -പൊതു അപാകതകൾ**

**എൽ പി ജി ക്രിമറ്റോറിയം** (357/21)

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി എരുമേലി പഞ്ചായത്തിന്റെ കവുങ്ങുംകുഴിയിലുള്ള സ്ഥലത്ത് എൽ പി ജി ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് 2018-19 ൽ 201/2019 നമ്പരായി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ധനകാര്യകമ്മീഷൻ ഗ്രാന്റ് 50 ലക്ഷം രൂപയും തനത് ഫണ്ട് 20 ലക്ഷം രൂപയും ഉൾപ്പെടെ 70 ലക്ഷം രൂപയാണ് അടങ്കൽ നിശ്ചയിച്ചിരുന്നത്. എൽ പി ജി ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് 27.74 ലക്ഷം രൂപയും ഫർണസ് നിർമ്മാണത്തിന് 42.26 ലക്ഷയും വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഇവക്ക് 84/AE/LSGD/EGP DT.16-1-2019, 129/AE/LSGD/EGP DT.25-5-2019 നമ്പരായി അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ കോസ്റ്റ്ഫോർഡുമായി കരാർ ചമക്കുകയും ചെയ്തു. നാളിതുവരെ 4338700/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

- സർക്കാർ ഇതര ഏജൻസിയായ COSTFORD ന് ടെണ്ടർ ഇല്ലാതെ നേരിട്ട് ചെയ്യുന്ന ചെലവ് ചുരുക്കിയ പ്രവൃത്തികൾ NON PMC ആയും പൊതുവായ പ്രവൃത്തികൾ PMC ആയും ചെയ്യുന്നതിനാണ് അക്രഡിറ്റേഷനുള്ളത്. അതായത് ക്രിമറ്റോറിയം നിർമ്മാണം (കെട്ടിടം ഒഴികെ) NON PMC ആയി ചെയ്യുന്നതിന് കോസ്റ്റ്ഫേർഡിന് അക്രഡിറ്റേഷൻ ഇല്ല.
- കോസ്റ്റ് ഇഫക്ടീവ് പ്രവൃത്തികൾ (കെട്ടിടം ഒഴികെ)ഒഴികെയുള്ള പ്രവൃത്തികൾ സർക്കാർ ഇതര ഏജൻസികളെ ഏൽപ്പിക്കുമ്പോൾ സാങ്കേതിക അനുമതി നല്കേണ്ടത് ബന്ധപ്പെട്ട വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗമാണ്. ഇവിടെ കോസ്റ്റ് ഫോർഡിലെ എഞ്ചിനീയറിംഗ് വിഭാഗമാണ് സാങ്കേതിക അനുമതി നല്കിയിട്ടുള്ളത്.
- പൊതുമരാമത്ത് മാന്വൽ 2012 ലെ വകുപ്പ് 1601.1.2 പ്രകാരം സാങ്കേതിക അനുമതിക്ക് സമർപ്പിക്കുന്ന വിശദമായ എസ്റ്റിമേറ്റിൽ LS പ്രോവിഷൻ എസ്റ്റിമേറ്റിന്റെ 5% ൽ കൂടാൻ പാടില്ല. ഇവക്ക് തന്നെ പിന്നീട് വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും വേണം. ഇവിടെ 27.74 ലക്ഷം രൂപ സാങ്കേതിക അനുമതി ലഭിച്ച ക്രിമറ്റോറിയം നിർമ്മാണ എസ്റ്റിമേറ്റിൽ 18.25% LS പ്രോവിഷനും 42.26ലക്ഷം രൂപ സാങ്കേതിക അനുമതി ലഭിച്ച ഫർണസ് നിർമ്മാണ എസ്റ്റിമേറ്റിൽ 96.35% LS പ്രോവിഷനും ആണ് നല്കിയിട്ടുള്ളത്. ഇവക്ക് വിശദമായ വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റിന്റെ ഭാഗമാക്കിയിട്ടില്ല.
- വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കിയത് ക്ലൈന്റ് വകുപ്പായ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.
- അളവ് രേഖപ്പെടുത്തൽ , ചെക്ക് മെഷർ എന്നിവ തദ്ദേശ സ്വയം ഭരണവകുപ്പിന് ചെയ്യാമെങ്കിലും ആയത് കോസ്റ്റ്ഫോർഡ് ചെയ്യുന്നതിനാണ് കരാർ വ്യവസ്ഥ.
- അഡ്വാൻസ് ഒഴികെയുള്ള തുകകൾ ചെയ്ത പ്രവൃത്തി കൂടി കണക്കാക്കിയാണ് നല്കേണ്ടത്.എന്നാൽ അളവ് പുസ്തകം പരിശോധനക്ക് ലഭിച്ചിട്ടില്ല. നാളിതു വരെ എൽ പി ജി ശ്മശാനത്തിന് 4338700 രൂപ നല്കിയിട്ടുണ്ട്.
- 2018 ൽ നാല് മാസം പൂർത്തീകരണ കാലാവധിയോടെ കരാർ വച്ച പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.പൊതുമരാമത്ത് മാന്വൽ പ്രകാരം പൂർത്തീകരണ കാലാവധിയുടെ 50% കാലയളവാണ് പരമാവധി ദീർഘിപ്പിച്ച് നല്കാവുന്നത്.എന്നാൽ ഏജൻസിക്ക് സഹായകമായ രീതിയിൽ പൊതുമരാമത്ത് മാന്വലിൽ നിന്നും വ്യത്യസ്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് കരാർ തയ്യാറാക്കിയിട്ടുള്ളത് (പിഴ ഈടാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ഇല്ല,തർക്കം പരിഹരിക്കുന്നതിന് സർക്കാർ ഇടപെടലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ).
- പ്രവൃത്തിയുടെ ഭാഗമായ ഫർണസ് ,ചിമ്മിനി തുടങ്ങിയവയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തിനോ ,കോസ്റ്റ് ഫോർഡ് എഞ്ചിനീയറിഗ് വിഭാഗത്തിനോ കഴിയുമോ എന്നതും (Competency) സംശയകരമാണ്.

**എൽ പി ജി ഇൻസിനറേറ്റർ (പ്രോജക്റ്റ് നം. 356/21)**

എരുമേലി പഞ്ചായത്തിന്റെ കൊടിത്തോട്ടം എന്ന സ്ഥലത്ത് എൽ പി ജി ഇൻസിനറേറ്റർ നിർമ്മിക്കുന്നതിന് 2018-19 ൽ 198/2019 നമ്പരായി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. ധനകാര്യകമ്മീഷൻ ഗ്രാന്റ് 32 ലക്ഷം രൂപയാണ് അടങ്കൽ നിശ്ചയിച്ചിരുന്നത്. ഇതിൽ 15.75ലക്ഷം രൂപ അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡിന് നല്കുകയും ചെയ്തു. എൽ പി ജി ഇൻസിനറേറ്റർ നിർമ്മിക്കുന്നതിന് 32 ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും 83/AE/LSGD/EGP DT.16-1-2019 നമ്പരായി കോസ്റ്റ്ഫോർഡുമായി കരാർ ചമക്കുകയും ചെയ്തു. പ്രോജക്ടിന് നാളിതുവരെ 1575939/- രൂപ ചെലവുണ്ട്.

- സർക്കാർ ഇതര ഏജൻസിയായ COSTFORD ന് ടെണ്ടർ ഇല്ലാതെ നേരിട്ട് ചെയ്യുന്ന ചെലവ് ചുരുക്കിയ പ്രവൃത്തികൾ NON PMC ആയും പൊതുവായ പ്രവൃത്തികൾ PMC ആയും ചെയ്യുന്നതിനാണ് അക്രഡിറ്റേഷനുള്ളത്. അതായത് എൽ പി ജി ഇൻസിനറേറ്റർ NON PMC ആയി ചെയ്യുന്നതിന് കോസ്റ്റ്ഫേർഡിന് അക്രഡിറ്റേഷൻ ഇല്ല.
- കോസ്റ്റ് ഇഫക്ടീവ് പ്രവൃത്തികൾ (കെട്ടിടം ഒഴികെ)ഒഴികെയുള്ള പ്രവൃത്തികൾ സർക്കാർ ഇതര ഏജൻസികളെ ഏൽപ്പിക്കുമ്പോൾ സാങ്കേതിക അനുമതി നല്കേണ്ടത് ബന്ധപ്പെട്ട വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗമാണ്. ഇവിടെ കോസ്റ്റ് ഫോർഡിലെ എഞ്ചിനീയറിംഗ് വിഭാഗമാണ് സാങ്കേതിക അനുമതി നല്കിയിട്ടുള്ളത്.
- പൊതുമരാമത്ത് മാന്വൽ 2012 ലെ വകുപ്പ് 1601.1.2 പ്രകാരം സാങ്കേതിക അനുമതിക്ക് സമർപ്പിക്കുന്ന വിശദമായ എസ്റ്റിമേറ്റിൽ LS പ്രോവിഷൻ എസ്റ്റിമേറ്റിന്റെ 5% ൽ കൂടാൻ പാടില്ല. ഇവക്ക് തന്നെ പിന്നീട് വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും വേണം. ഇവിടെ 30.55 ലക്ഷം രൂപ LS പ്രോവിഷൻ ആണ് നല്കിയിട്ടുള്ളത്. ഇവക്ക് വിശദമായ വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റിന്റെ ഭാഗമാക്കിയിട്ടില്ല.
- വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കിയത് ക്ലൈന്റ് വകുപ്പായ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.
- അളവ് രേഖപ്പെടുത്തൽ , ചെക്ക് മെഷർ എന്നിവ തദ്ദേശ സ്വയം ഭരണവകുപ്പിന് ചെയ്യാമെങ്കിലും ആയത് കോസ്റ്റ്ഫോർഡ് ആണ് ചെയ്യുന്നത്.
- അഡ്വാൻസ് ഒഴികെയുള്ള തുകകൾ ചെയ്ത പ്രവൃത്തി കൂടി കണക്കാക്കിയാണ് നല്കേണ്ടത്.എന്നാൽ അളവ് പുസ്തകം പരിശോധനക്ക് ലഭിച്ചിട്ടില്ല. നാളിതു വരെ കൊടിത്തോട്ടം പ്ലാന്റിനായി 1575939/- രൂപ നല്കിയിട്ടുണ്ട്.
- 2018 ൽ നാല് മാസം പൂർത്തീകരണ കാലാവധിയോടെ കരാർ വച്ച പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.പൊതുമരാമത്ത് മാന്വൽ പ്രകാരം പൂർത്തീകരണ കാലാവധിയുടെ 50% കാലയളവാണ് പരമാവധി ദീർഘിപ്പിച്ച് നല്കാവുന്നത്.എന്നാൽ ഏജൻസിക്ക് സഹായകമായ രീതിയിൽ പൊതുമരാമത്ത് മാന്വലിൽ നിന്നും വ്യത്യസ്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് കരാർ തയ്യാറാക്കിയിട്ടുള്ളത് (പിഴ ഈടാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ഇല്ല,തർക്കം പരിഹരിക്കുന്നതിന് സർക്കാർ ഇടപെടലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ).
- പ്രവൃത്തിയുടെ ഭാഗമായ ഇൻസിനറേറ്റർ ,ചിമ്മിനി തുടങ്ങിയവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്തിനോ ,കോസ്റ്റ് ഫോർഡ് എഞ്ചിനീയറിഗ് വിഭാഗത്തിനോ കഴിയുമോ എന്നതും (Competency) സംശയകരമാണ്.

അപാകതയിൽ വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചില്ല.പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതോടൊപ്പം പ്രവൃത്തിയുടെ ഗുണനിലവാരം,അളവുകൾ എന്നിവ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിക്കേണ്ടതും യഥാർത്ഥമൂല്യത്തിനുള്ള തുക മാത്രമാണ് ഏജൻസിക്ക് നല്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പ്രകാരം അർഹമായ ഏജൻസികളെയാണ് തെരഞ്ഞെടുക്കുന്നത് എന്ന് ഭരണസമിതിയും ഉറപ്പുവരുത്തേണ്ടതാണ്.

## 1-34 എസ്റ്റിമേറ്റിൽ വകയിരുത്താതെ കൺവീനർക്ക് നല്കിയ അധിക തുക അംഗീകരിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 ൽ എരുമേലി ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ അഴുതമുന്നി കമ്മ്യൂണിറ്റി ഹാൾ 425/21, എയ്ഞ്ചൽ വാലി സബ്സെന്റർ 412/21, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്ന DLTCE അളവുകൾ രേഖപ്പെടുത്തുകയും ,ചെക്ക് മെഷർ ചെയ്യുകയും ചെയ്തശേഷം ബിൽ തയ്യാറാക്കി തുക കരാറുകാരൻ നല്കുന്നു.എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, അളവ് രേഖപ്പെടുത്തൽ തുടങ്ങിയവക്ക് പ്രതിഫലമായി 3% തുകയും ചെക്ക് മെഷർ ചെയ്യുന്നതിന് 1% തുകയും DLTCE ക്ക് നല്കുന്നു.മേൽ പറഞ്ഞ പ്രവൃത്തികളിൽ അളവ് രേഖപ്പെടുത്തുകയും ചെക്ക്മെഷർ ചെയ്യുകയും ചെയ്ത് അളവ് പുസ്തകം ഹാജരാക്കിയിട്ടില്ല. പകരം വാല്യുവേഷൻ പ്രകാരമാണ് തുക നല്കിയത്.
2. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ ചെലവിന് ആധാരമായ യഥാർത്ഥ രേഖകൾ ഹാജരാക്കേണ്ടതും സമിതിയുടെ ആകെ ചെലവോ ,എസ്റ്റിമേറ്റ് തുകയോ ഏതാണോ കുറവ് ആയത് കൺവീനർക്ക് നല്കാവുന്നതുമാണ്. എന്നാൽ കൺവീനർ യഥാർത്ഥ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.
3. ഷെഡ്യൂൾ ഓഫ് റേറ്റ് 2012 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭം ഉൾപ്പെടുന്നുണ്ടോ എന്നത് വ്യക്തമല്ല. ഡാറ്റ പരിശോധനക്ക് ലഭിച്ചിട്ടില്ല.

മേൽപറഞ്ഞ രണ്ട് പ്രവൃത്തികളിലുമായി നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| അഴുതമുന്നി കമ്മ്യൂണിറ്റി ഹാൾ 425/21 (ധന.കമ്മീ.ഗ്രാന്റ് 50000/-), കൺവീനർ-ബിനോയ് ജോൺ&തങ്കപ്പൻ | | എയ്ഞ്ചൽ വാലി സബ് സെന്റർ, 412/21(മെയിന്റനൻസ് ഗ്രാന്റ് 50000/-, കൺവീനർ അശ്വിൻ തോമസ്) | |
|---|---|---|---|
| കൺവീനർ | 32336 | കൺവീനർ | 33798 |
| വെൽഫയർ ഫണ്ട് | 299 | വെൽഫയർ ഫണ്ട് | 313 |
| ജി എസ് റ്റി | 598 | ജി എസ് റ്റി | 626 |
| ഐ റ്റി | 299 | ഐ റ്റി | 313 |
| മെഷർമെന്റ്,ചെക്ക് മെഷൻ | 898 | മെഷർമെന്റ്,ചെക്ക് മെഷൻ | 939 |
| ആകെ | 34430/- (ബിൽ നം / തീ163/27-3-2021) | ആകെ | 35989/- (ബിൽ നം / തീ162/27-3-2021) |
| വാല്യവേഷൻ | 30837/- | | 32234 |
| അധികം പിൻ വലിച്ചത് | 3593/- | | 3755- |

മേൽപറഞ്ഞ പ്രവൃത്തികളിൽ അഴുതമുന്നി കമ്മ്യൂണിറ്റി ഹാൾ വയറിംഗിന് 30837/- രൂപയും എയ്ഞ്ചൽ വാലി സബ്സെന്റർ വയറിംഗിന് 32234 /- രൂപയുമാണ് DLTC യിൽ നിന്നും വാല്യുവേഷൻ ലഭിച്ചിട്ടുള്ളത്. വിവിധ നികുതി ഇനങ്ങൾക്കോ, ജി എസ് ടി കോമ്പൻസേഷനോ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ വാല്യുവേഷൻ ലഭിച്ച തുക മാത്രമേ നിയമാനുസൃതം

ചെലവഴിക്കാൻ കഴിയൂ. എന്നാൽ ആദ്യപ്രോജക്ടിന് 3593/- രൂപയും രണ്ടാമത്തെ പ്രോജക്ടിന് 3755/- രൂപയും അധികമായി പിൻ വലിച്ചിട്ടുണ്ട്. അപാകതയിൽ വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഫയൽ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി.എസ്റ്റിമേറ്റിൽ വകയിരുത്താതെയും കൺവീനർ ഡിമാന്റ് ചെയ്യാതെയും അധികം നല്കിയ 7348/- രൂപ ബിൽ തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**1-35 1.38 കോടി രൂപ വിലമതിക്കുന്ന കെട്ടിടങ്ങൾ നിഷ്ക്രിയ ആസ്തികളായി അവശേഷിക്കുന്നു**

**ആധുനിക അറവുശാല**

2008-09 ആരംഭിച്ച ആധുനിക അറവുശാല പദ്ധതി പഞ്ചായത്ത് ഫണ്ട് ശോഷണത്തിനുള്ള ഉപാധിയായി മാറിയിരിക്കുന്നു. പ്രോജക്ട് ആരംഭിച്ച് 14 വർഷങ്ങൾക്ക് ശേഷവും പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് കാലാകാകാലങ്ങളിൽ വന്ന ഭരണസമിതികളുടെ വീഴ്ചയാണ്.കെട്ടിടം നിർമ്മിച്ച് മെഷീനറിയും സ്ഥാപിച്ചിട്ടും ആരംഭിക്കാത്ത പ്രോജക്ടിനായി മെയിന്റനൻസ് ഇനത്തിലും വൻതുകയാണ് (ഒരിക്കൽ പോലും ഉപയോഗിച്ചിട്ടില്ലാത്ത മെഷീനറിക്കും മെയിന്റനൻസ് നടത്തേണ്ടി വരുന്നു)പഞ്ചായത്തിന് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നത്.ഈ പ്രോജക്ടിനായി നാളിതു വരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/ വർഷം | ചെലവഴിച്ച തുക |
|---|---|
| 100/08 | 2390559 |
| 354/10 | 1620000 |
| 226/19 | 310006 |
| 365/19 | 378466 |
| 327/19 | 514926 |
| 374/20 | 790351 |
| **ആകെ** | **6004308** |

60 ലക്ഷം ചെലവഴിച്ച അറവുശാലയുടെ പ്രർത്തനം സംബന്ധിച്ച ബൈലോതയ്യാറാക്കുന്നതിനോ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനോ പഞ്ചായത്തിന് കഴിയാത്തത് ഗുരുതരമായ വീഴ്ചയാണ്.

**വൃദ്ധസദനം**

വൃദ്ധസദനങ്ങൾ നടത്തുന്നതിന് അനുമതിയില്ലാതിരുന്ന 2013-14 വർഷം പഞ്ചായത്ത് ഏറ്റെടുത്തതാണ് വൃദ്ധസദനം പുരുഷൻമാർ, വൃദ്ധസദനം സ്ത്രീകൾ എന്നീ പ്രോജക്ടുകൾ, വാർഷികകണക്ക് കൃത്യമായി സൂക്ഷിക്കാതിരിക്കുക, അനുമതിയില്ലാത്ത പ്രോജക്ടുകൾ ഏറ്റെടുക്കുക തുടങ്ങിയ കാരണങ്ങളാൽ ലോകബാങ്ക് സഹായം നഷ്ടപ്പെടുകയും (ഖണ്ഡിക1-31) കരാറുകാരന് തുക നല്കാതെ വ്യവഹാര നടപടികളിലേക്ക് പോകുകയും കോടതി ഉത്തരവ് പ്രകാരം 2018-19 ൽ തനത് ഫണ്ടിൽ നിന്നും തുക നല്കുകയും ചെയ്തു. നിലവിലെ മാർഗ്ഗരേഖപ്രകാരം വൃദ്ധസദനങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ സാധിക്കുമെങ്കിലും ഈ ആവശ്യത്തിന് തുക ചെലവഴിക്കുന്നതല്ലാതെ ബൈലോ തയ്യാറാക്കുകയോ നിർവ്വഹണ രൂപരേഖ തയ്യാറാക്കുകയോ ചെയ്തിട്ടില്ല .നാളിതു വരെയുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| വൃദ്ധസദനം | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|
| പാർട്ട് ബിൽ | 501693 | 472375 |
| കോടതി വിധി പ്രകാരം | 1223443 | 1261618 |
| ഫർണീച്ചർ | 490000 | |
| വൃദ്ധസദനം മെയിൻറനൻസ് 2020-21 | 678297 | |
| | | |

| | | |
|---|---|---|
| ആകെ | 2893433 | 1733993 |
| ആകെ ചെലവ് | 4627426 | |

ലക്ഷ്യമിട്ടിരുന്നതുപോലെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാർ അനുമതിയോടെ ഗസ്റ്റ് ഹൗസ് പോലെ, (എരുമേലി പോലുള്ള തീർത്ഥാടന കേന്ദ്രങ്ങളിൽ ഫലപ്രദമായി നടത്താവുന്നത്) വരുമാനദായകമായ പദ്ധതികൾ ഭരണസമിതി പരിഗണിക്കേണ്ടതും ലക്ഷങ്ങൾ ചെലവഴിച്ച കെട്ടിടം ഫലപ്രദമായി ഉപയോഗിക്കേണ്ടതുമാണ്.

**ഷി ഹോസ്റ്റൽ**

2018-19 ൽ ആരംഭിച്ച് കെട്ടിട നിർമ്മാണം പൂർത്തിയായതാണ് ഷിഹോസ്റ്റൽ പ്രോജക്ട് ,ഹോസ്റ്റൽ നടത്തിപ്പ് സംബന്ധിച്ച ബൈലോ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. പ്രോജക്ടിന് നാളിതു വരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| 2020-21 കെട്ടിടം | 3008003 |
| കട്ടിൽ , മേശ | 191608 |
| ആകെ | 3199611 |

കെട്ടിടം പണി പൂർത്തിയായെങ്കിലും ഹോസ്റ്റൽ നടത്തിപ്പ് സംബന്ധിച്ച ബൈലോ തയ്യാറാക്കുകയോ പദ്ധതി രൂപരേഖ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.വിവിധ കാലഘട്ടങ്ങളിലായി പഞ്ചായത്ത് വിവിധ കെട്ടിടങ്ങൾക്കായി ചെലവഴിച്ച13831345 രൂപ (6004308+4627426+3199611)നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു. ലക്ഷ്യമിട്ട രീതിയിൽ കെട്ടിടങ്ങൾ ഫലപ്രദമാക്കാൻ കഴിയുന്നില്ല എങ്കിൽ സർക്കാർ അനുമതിയോട് കൂടി ,കേരള പഞ്ചായത്ത് രാജ് ആസ്തികൾ കൈയ്യൊഴിയൽ ചട്ടങ്ങൾ പാലിച്ച് മറ്റ് വകുപ്പുകൾക്ക് കൈമാറുകയോ അല്ലെങ്കിൽ ഫലപ്രദമായ മറ്റ് ആവശ്യങ്ങൾക്ക് കെട്ടിടങ്ങൾ ഉപയോഗിക്കുകയോ ചെയ്യുന്നത് ഭരണസമിതി പരിഗണിക്കേണ്ടതാണ്.

**1-36 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി മതിയായ തുക വകയിരുത്തുന്നില്ല**

ഗ്രാമപഞ്ചായത്തിലെ 7 ക്ഷീര സംഘങ്ങൾ വഴിയാണ് ക്ഷീരകർഷകരുടെ പാൽ സംഭരിക്കുന്നത്. 2019-20&2020-21വർഷങ്ങളിൽ ക്ഷീരകർഷകർക്ക് പാലളവിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ ഏപ്രിൽ മുതൽ ഡിസംബർ വരെ 9 മാസകാലയളവിലേയ്ക്ക് മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഏകദേശം 400 ക്ഷീരോൽപ്പാദകർ വിവിധ സംഘങ്ങൾ വഴി പാലളക്കുന്നത്.ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതം 10,00,000 രൂപയും, ബ്ലോക്ക്പഞ്ചായത്ത് വിഹിതം 5,00,000 രൂപയുമുൾപ്പടെ 2019-20വർഷം ആകെ 15,00,000 രൂപയാണ് ക്ഷീരകർഷകർക്ക് സബ്സിഡിയിനത്തിൽ നൽകാൻ വകയിരുത്തി ചെലവഴിച്ചത്.2020-21 ൽവികസനഫണ്ട് വിഹിതം 1226,600/-രൂപയും,ബ്ലോക്ക് വിഹിതം789006/-രൂപയും,ധനകാര്യകമ്മീഷൻ ഗ്രാന്റ് 23400/-രൂപയുമുൾപ്പടെ ആകെ 2039006/-രൂപയാണ് തൻവർഷം വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. ജി.ഒ.(എം.എസ്)നം.22/18 ത.സ്വ.ഭ.വ തീ 14.2.2018 ഉത്തരവ് പ്രകാരം ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക ക്ഷീരകർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകണം. (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പടെ). ഒരുകർഷകന് സബ്സിഡിയിനത്തിൽപരമാവധി നൽകാവുന്ന തുക 40,000/-രൂപയാണ്. മൃഗസംരക്ഷണ മേഖലയിൽ ധാരാളം ആളുകൾ കന്നുകുട്ടി വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച് ആയതിനുള്ള വരുമാനം കൊണ്ട് മാത്രമാണ് ജീവിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിനൊപ്പം ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം കൂടി നേടിയെടുത്ത് ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി തുക വകയിരുത്തി ക്ഷീരകർഷകരുടെ ഈ മേഖലയിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-37 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - തുക അധികം നല്കി**

| | |
|---|---|
| പ്രോജക്ട് നം | 321/21-പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ (ചേനപ്പാടി സർക്കിൾ) |
| അടങ്കൽ (വികസന ഫണ്ട്-എസ്.സി.പി) | 3495750 |
| ചെലവ് | 284990 (ബിൽനം. 15/20.11.19) |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം 19-20,20-21 വർഷങ്ങളിലായി സരിത,കൊല്ലംപറമ്പിൽ ഹൗസ്,കണമല .പി.ഒ എന്നയാൾക്ക് പഠനമുറി നിർമ്മാണത്തിനായി ചുവടെ ചേർക്കും പ്രകാരം തുകകൾ നല്കിയിട്ടുണ്ട്.

| ബിൽ നം. | തുക |
|---|---|
| 29/29.2.20 | 50000 |
| 60/23.3.20 | 50000 |
| 25/2.7.20 | 25000 |
| 43/1.10.20 | 25000 |
| 49/14.1.21 | 63374 |
| ആകെ | 213374 |

സ. ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ തീ.14.2.18 (സബ്സിഡി മാർഗ്ഗരേഖ )ഖ.7.2.17 പ്രകാരം പഠനമുറി നിർമ്മാണത്തിന് ആകെ അനുവദിക്കാവുന്ന തുക 200000 രൂപ മാത്രമാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ 188374/- രൂപയുടേതാണ്. എന്നാൽ ടിയാൾക്ക് 2 വർഷങ്ങളിലുമായി ആകെ 213374 നല്കിയിട്ടുണ്ട്. വാല്യുവേഷനിൽ അധികരിച്ച് 2500/- രൂപ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അധികം നല്കിയ 25000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ടെണ്ടർ കുറവ് കിഴിച്ചുള്ള തുകക്ക് ജി എസ് ടി കോമ്പൻസേഷൻ നല്കുന്നതിന് പകരം വേലമൂല്യത്തിന് ജി എസ് ടി കോമ്പൻസേഷൻ നല്കി

ഡി എസ് ആർ 2016 കോസ്റ്റ് ഇൻഡക്സ് 37.31 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തകളിൽ ജി എസ് റ്റി ഉൾപ്പെടുന്നില്ലാത്തതിനാൽ വേലമൂല്യത്തിന്റെ 12% ജി എസ് റ്റി കോമ്പൻസേഷനായി നല്കുന്നതിന് അനുമതി ഉണ്ട്. ഇത്തരം പ്രവൃത്തികളിൽ വേലമൂല്യം കണക്കാക്കി ആയതിൽ നിന്നും ടെണ്ടർ കിഴിവ് കുറച്ച് ലഭിക്കുന്ന തുകയോടൊപ്പം 12% ജി എസ് റ്റി കോമ്പൻസേഷൻ തുക കൂടി ഉൾപ്പെടുത്തി പിൻവലിക്കുകയും നികുതികൾ കിഴിച്ച് കരാറുകാരന് തുക നല്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ചില പ്രവൃത്തികളിൽ ടെണ്ടർ കിഴിവ് കുറക്കാത്ത വേലമൂല്യത്തിന്റെ 12% ജി എസ് റ്റി കോമ്പൻസേഷനായി നല്കിയതിലൂടെ പഞ്ചായത്തിന് അധികച്ചെലവ് വരുത്തിയിട്ടുള്ളതായി കാണുന്നു.വിശദവിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്ര നം | പ്രോജക്ട്/നമ്പർ | കരാറുകാരൻ | ചെലവഴിച്ച തുക | | ചെലവഴിക്കാവുന്ന തുക | അധികം ചെലവഴിച്ചത് |
|---|---|---|---|---|---|---|
| 1 | വയലുങ്കൽപടി-എസ് സി കോളനി റോഡ്, 301/21 (വികസന ഫണ്ട് SCP ബിൽ നം / തീ , 2/15-4-20) | ജോർജ് ആന്റണി | വേലമൂല്യം | 265845 | 265845 | |
| | | | ടെണ്ടർ കുറവ് 12% | 31901 | 31901 | |
| | | | യഥാർത്ഥ മൂല്യം | 233944 | 233944 | |
| | | | ജി എസ് ടി കോമ്പൻസേഷൻ 12% | 31901 | 28073 | |
| | | | ആകെ | 265845 | 262017 | 3828 |
| 2 | പുലിയുറുമ്പുപടി-വെൺമാന്തറ റോഡ്, 296/2021 (MGR,ബിൽ നം /തീ, 14/15-4-20) | ഗിരീഷ് കുമാർ | വേലമൂല്യം | 266635 | 266635 | |
| | | | ടെണ്ടർ കുറവ് 10.2% | 27197 | 27197 | |
| | | | യഥാർത്ഥ മൂല്യം | 239438 | 239438 | |
| | | | ജി എസ് ടി കോമ്പൻസേഷൻ 12% | 31996 | 28733 | |
| | | | ആകെ | 271437 | 268171 | 3266 |
| 3 | മേക്കാട്-ഓലിക്കൽ പ്ലാവ് റോഡ്,053/2021 (ധന.കമീ .ഗ്രാന്റ് ,ബിൽ നം /തീ 128/16-3-21) | സണ്ണി സി ടി | വേലമൂല്യം | 267486 | 267486 | |
| | | | ടെണ്ടർ കുറവ് 13.1% | 35040 | 35040 | |
| | | | യഥാർത്ഥ മൂല്യം | 232446 | 232446 | |
| | | | ജി എസ് ടി കോമ്പൻസേഷൻ 12% | 30450 | 27894 | |
| | | | ആകെ | 262896 | 260340 | 2556 |

മേൽ പറഞ്ഞ 3 പ്രവൃത്തികളിൽ ടെണ്ടർ കുറവ് കിഴിച്ചുള്ള തുകക്ക് ജി എസ് ടി കോമ്പൻസേഷൻ നല്കുന്നതിന് പകരം വേലമൂല്യത്തിന് ജി എസ് ടി കോമ്പൻസേഷൻ നല്കിയതിലൂടെ പഞ്ചായത്തിന് അധികച്ചെലവ് വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അധികം നല്കിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽപറഞ്ഞ തുക ഈടാക്കുന്നതോടൊപ്പം സമാനരീതിയിൽ മറ്റ് പ്രവൃത്തികളിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ടോ എന്ന്

പരിശോധിക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രവൃത്തികളുടെ ഫൈനൽ ബിൽ പ്രകാരം അധികം നല്കിയ 9650രൂപ (3828+3266+2556) തെറ്റായ രീതിയിൽ ബിൽ തയ്യാറാക്കി തുക പിൻവലിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**3-2 ടെണ്ടർ കുറവ് പരിഗണിക്കാത്തതു മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവ്**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 ൽ ആസൂത്രണം ചെയ്ത് 2020-21 ൽ പൂർത്തിയാക്കിയ പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നല്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിക്കാത്തതു മൂലം പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട് .വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് വിശദാംശങ്ങൾ | | ചെലവഴിച്ച തുക | | നിയമാനുസൃതം ചെലവഴിക്കാവുന്നതുക |
|---|---|---|---|---|
| പേര് | മാലിന്യ പ്ലാന്റിന് മുൻപിൽ ഡ്രയിനേജ് | വേലമൂല്യം | 376876 | 376876 |
| | | ടെണ്ടർ കുറവ് (13.99%) | .......... | 52725 |
| | | ബാക്കി | 376876 | 324151 |
| നമ്പർ | 401/20,455/21 | ജി എസ് റ്റി കോമ്പൻസേഷൻ 12% (+) | 45225 | 38898 |
| കരാറുകാരൻ | അഹമ്മദ് ഷക്കീർ | ആകെ | 422101 | 363049 |
| ഫണ്ടിനം ചെലവ് | തനത് ഫണ്ട് 422101/- | ഐ റ്റി (-) | 3769 | 3242 |
| | | വെൽഫയർ ഫണ്ട്(-) | 3769 | 3242 |
| ചെക്ക് നമ്പർ തീയതി | 5733121/14-8-2020 | SGST (-) | 3769 | 3242 |
| | | CGST (-) | 3769 | 3242 |
| | | കരാറുകാരന് | 407025 | 350081 |

ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തയ്യാറാക്കി തുക നല്കിയതു മൂലം 59052/-രൂപയുടെ അധികച്ചെലവ് (422101-363049) പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.ഇതിൽ പഞ്ചായത്തിനുണ്ടായ അധികച്ചെലവിന് ബിൽ തയ്യാറാക്കി തുക പിൻവലിച്ച നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയാണ് . ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും അധികം ചെലവായ 59052/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

**3-3 ടെണ്ടർ കുറവ് പരിഗണിക്കാത്തതു മൂലം അധികച്ചെലവ്**

2019-20 ൽ ആസൂത്രണം ചെയ്ത് 2020-21 ൽ പൂർത്തിയാക്കിയ പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നല്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിക്കാത്തതു മൂലം പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് വിശദാംശങ്ങൾ | | ചെലവഴിച്ച തുക | | നിയമാനുസൃതം ചെലവഴിക്കാവുന്ന തുക |
|---|---|---|---|---|
| പേര് | മാടപ്പാട് ഇലഞ്ഞുർപ്പടി റോഡ് | വേലമൂല്യം | 240304 | 240304 |
| | | ടെണ്ടർ കുറവ് (13%) | ....... | 31240 |
| | | | | |

| | | | | |
|---|---|---|---|---|
| | | ബാക്കി | 240304 | 209064 |
| നമ്പർ | 139/20,424/21 | ജി എസ് റ്റി കോമ്പൻസേഷൻ 12%(+) | 28837 | 25088 |
| കരാറുകാരൻ | അനന്തു ഷാജി | ആകെ | 269141 | 234152 |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് | ഐ റ്റി (-) | 2403 | 2090 |
| | | വെൽഫയർ ഫണ്ട്(-) | 2403 | 2090 |
| ബിൽ നമ്പർ തീയതി | 117/27-2-21 | SGST (-) | 2403 | 2090 |
| | | CGST (-) | 2403 | 2090 |
| | | ഫൈൻ 1% | 2410 | 2410 |
| | | കരാറുകാരന് | 257119 | 223152 |

ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തയ്യാറാക്കി തുക നല്കിയതു മൂലം 34989/-രൂപയുടെ അധികച്ചെലവ് (269141-234152) പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.ഇതിൽ പഞ്ചായത്തിനുണ്ടായ അധികച്ചെലവിന് ബിൽ തയ്യാറാക്കി തുക പിൻ വലിച്ച നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയാണ് . ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും അധികം ചെലവായ 34989/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## <u>3-4 എസ്റ്റിമേറ്റിൽ വകയിരുത്താതെ കൺവീനർക്ക് നല്കിയ അധിക തുക അംഗീകരിക്കുന്നില്ല</u>

2020-21 ൽ എരുമേലി ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ അഴുതമുന്നി കമ്മ്യൂണിറ്റി ഹാൾ 425/21,എയ്ഞ്ചൽ വാലി സബ്സെന്റർ 412/21,ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്ന DLTCE അളവുകൾ രേഖപ്പെടുത്തുകയും ,ചെക്ക് മെഷർ ചെയ്യുകയും ചെയ്തശേഷം ബിൽ തയ്യാറാക്കി തുക കരാറുകാരൻ നല്കുന്നു.എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, അളവ് രേഖപ്പെടുത്തൽ തുടങ്ങിയവക്ക് പ്രതിഫലമായി 3% തുകയും ചെക്ക് മെഷർ ചെയ്യുന്നതിന് 1% തുകയും DLTCE ക്ക് നല്കുന്നു.മേൽ പറഞ്ഞ പ്രവൃത്തികളിൽ അളവ് രേഖപ്പെടുത്തുകയും ചെക്ക്മെഷർ ചെയ്യുകയും ചെയ്ത് അളവ് പുസ്തകം ഹാജരാക്കിയിട്ടില്ല. പകരം വാല്യുവേഷൻ പ്രകാരമാണ് തുക നല്കിയത്.
2. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ ചെലവിന് ആധാരമായ യഥാർത്ഥ രേഖകൾ ഹാജരാക്കേണ്ടതും സമിതിയുടെ ആകെ ചെലവോ ,എസ്റ്റിമേറ്റ് തുകയോ ഏതാണോ കുറവ് ആയത് കൺവീനർക്ക് നല്കാവുന്നതുമാണ്. എന്നാൽ കൺവീനർ യഥാർത്ഥ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.
3. ഷെഡ്യൂൾ ഓഫ് റേറ്റ് 2012 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭം ഉൾപ്പെടുന്നുണ്ടോ എന്നത് വ്യക്തമല്ല. ഡാറ്റാ പരിശോധനക്ക് ലഭിച്ചിട്ടില്ല.

മേൽപറഞ്ഞ രണ്ട് പ്രവൃത്തികളിലുമായി നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| അഴുതമുന്നി കമ്മ്യൂണിറ്റി ഹാൾ 425/21 (ധന.കമ്മീ.ഗ്രാന്റ് 50000/-), കൺവീനർ-ബിനോയ് ജോൺ&തങ്കപ്പൻ | | എയ്ഞ്ചൽ വാലി സബ് സെന്റർ, 412/21(മെയിന്റനൻസ് ഗ്രാന്റ് 50000/-, കൺവീനർ അശ്വിൻ തോമസ്) | |
|---|---|---|---|
| കൺവീനർ | 32336 | കൺവീനർ | 33798 |
| | | | |

| | | | |
|---|---|---|---|
| വെൽഫയർ ഫണ്ട് | 299 | വെൽഫയർ ഫണ്ട് | 313 |
| ജി എസ് റ്റി | 598 | ജി എസ് റ്റി | 626 |
| ഐ റ്റി | 299 | ഐ റ്റി | 313 |
| മെഷർമെന്റ്,ചെക്ക് മെഷൻ | 898 | മെഷർമെന്റ്,ചെക്ക് മെഷൻ | 939 |
| ആകെ | 34430/- (ബിൽ നം / തീ163/27-3-2021) | ആകെ | 35989/- (ബിൽ നം / തീ162/27-3-2021) |
| വാല്യവേഷൻ | 30837/- | | 32234 |
| അധികം പിൻ വലിച്ചത് | 3593/- | | 3755- |

മേൽപറഞ്ഞ പ്രവൃത്തികളിൽ അഴുതമുന്നി കമ്മ്യൂണിറ്റി ഹാൾ വയറിംഗിന് 30837/- രൂപയും എയ്ഞ്ചൽ വാലി സബ്സെന്റർ വയറിംഗിന് 32234 /- രൂപയുമാണ് വാല്യുവേഷൻ ലഭിച്ചിട്ടുള്ളത്. വിവിധ നികുതി ഇനങ്ങൾക്കോ,ജി എസ് ടി കോമ്പൻസേഷനോ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ വാല്യുവേഷൻ ലഭിച്ച തുക മാത്രമേ നിയമാനുസൃതം ചെലവഴിക്കാൻ കഴിയൂ.എന്നാൽ ആദ്യപ്രോജക്റ്റിന് 3593/- രൂപയും രണ്ടാമത്തെ പ്രോജക്റ്റിന് 3755/- രൂപയും അധികമായി പിൻ വലിച്ചിട്ടുണ്ട്.അപാകതയിൽ വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഫയൽ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി.എസ്റ്റിമേറ്റിൽ വകയിരുത്താതെയും കൺവീനർ ഡിമാന്റ് ചെയ്യാതെയും അധികം നല്കിയ 7348/- രൂപ ബിൽ തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - തുക അധികം നല്കി

| | |
|---|---|
| പ്രോജക്റ്റ് നം | 321/21-പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ (ചേനപ്പാടി സർക്കിൾ) |
| അടങ്കൽ (വികസന ഫണ്ട്-എസ്.സി.പി) | 3495750 |
| ചെലവ് | 284990 (ബിൽനം. 15/20.11.19) |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്റ്റ് പ്രകാരം 19-20,20-21 വർഷങ്ങളിലായി സരിത, കൊല്ലംപറമ്പിൽ ഹൗസ്, കണമല .പി.ഒ എന്നയാൾക്ക് പഠനമുറി നിർമ്മാണത്തിനായി ചുവടെ ചേർക്കും പ്രകാരം തുകകൾ നല്കിയിട്ടുണ്ട്.

| ബിൽ നം. | തുക |
|---|---|
| 29/29.2.20 | 50000 |
| 60/23.3.20 | 50000 |
| 25/2.7.20 | 25000 |
| 43/1.10.20 | 25000 |
| 49/14.1.21 | 63374 |
| ആകെ | 213374 |

സ. ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ തീ.14.2.18 (സബ്സിഡി മാർഗ്ഗരേഖ )ഖ.7.2.17 പ്രകാരം പഠനമുറി നിർമ്മാണത്തിന് ആകെ അനുവദിക്കാവുന്ന തുക 200000 രൂപ മാത്രമാണ്. അസി.എഞ്ചിനീയറുടെ വാല്യുവേഷൻ 188374/- രൂപയുടേതാണ്. എന്നാൽ ടിയാൾക്ക് 2 വർഷങ്ങളിലുമായി ആകെ 213374 നല്കിയിട്ടുണ്ട്. വാല്യുവേഷൻ അധികരിച്ച് നല്കിയ 25000/- രൂപ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അധികം നല്കിയ 25000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 22/06/2021-ലെ 3/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 18/10/2021-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 ൽ സംയുക്ത പ്രോജക്ടിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 2020-21 | 73,440/- | സുഭിക്ഷ കേരളം-തരിശുഭൂമി കൃഷി പ്രോത്സാഹനം(379/21) | 73,440/- | 0 |
| | 2020-21 | 37,500/- | സുഭിക്ഷ കേരളം-ഇടവിള കൃഷി(381/21) | 37,500/- | 0 |
| | 2020-21 | 560,000/- | ലൈഫ് ഭവന നിർമ്മാണം-ജനറൽ(1/21) | 560,000/- | 0 |
| | 2020-21 | 360,000/- | ലൈഫ് ഭവന നിർമ്മാണം-SCP(156/21) | 360,000/- | 0 |
| | 2020-21 | 300,000/- | അംഗൻവാടി പോഷകാഹാരം(23/21) | 300,000/- | |
| | 2020-21 | 116,610/- | ശാരീരിക മാനസികവൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ്(24/21) | 116,610/- | 0 |
| | 2020-21 | 789,006/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (28/21) | 789,006/- | 0 |
| | - | 500,000/- | ചെമ്പ്കുഴി ചെക്ക് ഡാം നിർമ്മാണം, വാർഡ്-15(362/21) | 500,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | - | 270,661/- | എം.ജി. കൊച്ചുരാമൻ മെമ്മോറിയൽ റോഡ് കോൺക്രീറ്റിങ്ങ്, സംരക്ഷണഭിത്തി നിർമ്മാണം,വാർഡ്-16 (429/21) | 270,661/- | 0 |
| | - | 280,997/- | ഗ്രാമീണ റോഡ് കോൺക്രീറ്റിങ്ങ്, വാർഡ്-16 (452/21) | 280,997/- | 0 |
| | **ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | | | **3,288,214/-** | **0** |
| ജില്ല പഞ്ചായത്ത് കോട്ടയം | 2020-21 | 332,500/- | ശാരീരിക മാനസികവൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ്(24/21) | 332,500/- | 0 |
| | **ആകെ ജില്ലാ പഞ്ചായത്ത് വിഹിതം** | | | 332,500/- | **0** |

362/21,429/21,452/21 എന്നീ ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ടുകളുടെ ചെലവ് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല. സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിമയം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(എ.സി.ആർ.) കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൃത്യമായ അനുബന്ധരേഖകളുടെ അഭാവത്തിൽ സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗത്തിന്റെ ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളുടെ കൃത്യത വ്യക്തമല്ല. ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന് എ.സി.ആർ. കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും കുടുംബശ്രീ ജില്ലാ മിഷനിലും SSA യിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി.- എരുമേലി | ഗാന്ധിറോഡിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് 3ഫേസ് ലൈൻ വലിക്കൽ(91/21) | 91,571/- | 0 | 91,571/- |
| കെ.എസ്.ഇ.ബി.- എരുമേലി | 6,7 വാർഡുകളിൽ തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ(480/21 ) | 189,131/- | 0 | 189,131/- |
| കെ.എസ്.ഇ.ബി.- എരുമേലി | തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ (512/21) | 198,016/- | 0 | 198,016/- |
| കെ.എസ്.ഇ.ബി.- എരുമേലി | വിവിധവാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി | 242,582/- | 0 | 242,582/- |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കൽ(34/21 ) | | | |
| കെ.എസ്.ഇ.ബി.-എരുമേലി | 6,7,11,13,16,17,18,20,22,23 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ(335/21) | 1,345,207/- | 0 | 1,345,207/- |
| കെ.എസ്.ഇ.ബി.-കാഞ്ഞിരപ്പള്ളി | 1,2,3,4 സ്ട്രീറ്റ് ലൈൻ വലിച്ച് മീറ്റർ സ്ഥാപിക്കൽ (306/21) | 584,266/- | 0 | 584,266/- |
| കെ.എസ്.ഇ.ബി.-എരുമേലി | തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ (307/21) | 641,113/- | 0 | 641,113/- |
| | **ആകെ കെ.എസ്.ഇ.ബി.-യിൽ** | **3,291,886/-** | **0** | **3,291,886/-** |
| District Project Officer, SSK | എസ്.എസ്.എ. വിഹിതം നൽകൽ(4/21 ) | 650,500/- | 0 | 650,500/- |
| കുടുംബശ്രീ ജില്ലാമിഷൻ-കോട്ടയം | എബിസി പ്രോഗ്രാം തുക നൽകൽ(203/21 ) | 210,000/- | 0 | 210,000/- |

കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ച 3,291,886/- രൂപയിൽ 2,430,880/- രൂപ മാത്രമാണ് നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് എന്ന് റിസീറ്റ് & പേമെന്റ് പത്രിക RP-7 ൽ നിന്നും വ്യക്തമാകുന്നു. 861,006/- രൂപയുടെ നിക്ഷേപം ഡെപോസിറ്റായി അക്കൌണ്ട് ചെയ്തിട്ടില്ല. SSA വിഹിതം 6.505 ലക്ഷം രൂപയും ABC പ്രോഗ്രാമിന് നൽകിയ 2.1 ലക്ഷം രൂപയും നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിട്ടില്ല. ഡെപോസിറ്റ്/അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. 31/03/2021 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള B-18 ഷെഡ്യൂൾ എല്ലാ ശീർഷകങ്ങളിലെ ഇടപാടുകളും, മുന്നിരിപ്പും ഡെപോസിറ്റ് രജിസ്റ്ററിൽ ചേർത്ത് ഓരോ ശീർഷകത്തിലെയും ഇടപാടുകളുടെ സംക്ഷിപ്തവും തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2020-21 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 17,215,935/- | 0 | 3,163,139/- | - | 14,052,796/- |

സെക്രട്ടറിയുടെ 515/21, 521/21 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(General) നിന്നും 2,269,371/- രൂപയും 496/21, 519/21 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(SCP) യിൽ 820,627/- രൂപയും 518/21, 522/21 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(TSP) യിൽ 73,138/-

രൂപയും എന്നിങ്ങനെ ആകെ 3,163,166/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. ധനകാര്യ പത്രിക പ്രകാരം 3,163,139/- രൂപയാണ് വായ്പ തിരിച്ചടവ്. 3/- രൂപയുടെ വ്യത്യാസം കാണുന്നു. വായ്പ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വായ്പ രജിസ്റ്റർ തയ്യാറാക്കി ഓരോ സാമ്പത്തിക വർഷത്തെയും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2020-21 ധനകാര്യ പത്രിക പ്രകാരം സ്ഥിരനിക്ഷേപമിനത്തിൽ തുകയൊന്നും നിക്ഷേപിച്ചിട്ടില്ല. 31/03/2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 5,390/- രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./ തീയതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 5,390/- | കെ. ഇ. തോമസുകുട്ടി, അസിസ്റ്റന്റ് സെക്രട്ടറി | - |

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | - | 2014-15 | 4-1-12 | ആധുനിക അറവുശാല നിർമ്മാണം പൂർത്തീകരിച്ചില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2012-13 | - | 2014-15 | 4-1-6 | കാർഷിക വിജ്ഞാന കേന്ദ്രം- പണി പൂർത്തീകരിച്ചില്ല | |
| 1997-98 | 28 | 1999 | 3-14(A) | 2.5 ലക്ഷം രൂപയുടെ തിരിച്ചടവ് അവ്യക്തം | |
| 1997-98 | 28 | 1999 | 3-14(B) | സെക്രട്ടറി സ്വന്തം നിലയിൽ പണം നൽകിയത്ക്രമവിരുദ്ധം | |
| 1999-00മുതൽ | 2-20 | 2004-05 | 2(3) | ജനകീയാസൂത്രണം അവലോകനം തയ്യൽ റെഡിമെയ്ഡ് യൂണിറ്റ് | |

| | | | | | |
|---|---|---|---|---|---|
| 2001-02 വരെ | | | | ഇപ്പോൾ പ്രവർത്തിക്കുന്നില്ല-895166 രൂപയുടെ ചെലവ് | |
| 1997-98 | ഖ-I(B) | 1999-2000ഖ IV | | ജനകീയാസൂത്രണ പദ്ധതി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 188,024,224/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 165,276,499/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 136,039/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,757,776/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 9,650/- | അഖിൽ എസ്., അസിസ്റ്റന്റ് എഞ്ചിനീയർ-LSGD |
| 3-2 | - | 59,052/- | |
| 3-3 | - | 34,989/- | |
| 3-4 | - | 7,348/- | |
| 3-5 | - | 25000/- | സന്തോഷ് കുമാർ കെ. ദേവ്, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ചേനപ്പാടി) |
| ആകെ | ഇല്ല | **136039/-** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 4,152,386/- | എം. എൻ. വിജയൻ, സെക്രട്ടറി |
| 1-27 | 500,000/- | കെ. ഇ. തോമസുകുട്ടി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 105,390/- | ഡോ. അനിൽകുമാർ റ്റി., സീനിയർ വെറ്റിനറി സർജൻ |
| **ആകെ** | **4,757,776/-** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക 1-26 പ്രകാരം SGST-4,096/- CGST-4,096/-

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക 1-13, 1-18, 1-22, 1-32, 1-33, 1-35

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അഖിൽ എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എരുമേലി ഗ്രാമപഞ്ചായത്ത്,LSGD | ഗംഗ, കുട്ടിക്കട(പി.ഒ.), കൊല്ലം-691020. |
| സന്തോഷ് കുമാർ കെ. ദേവ്, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ചേനപ്പാടി) | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (ചേനപ്പാടി സർക്കിൾ), എരുമേലി ഗ്രാമപഞ്ചായത്ത് | കാവുങ്കൽ, പനച്ചേപ്പള്ളി(പി.ഒ.), കാഞ്ഞിരപ്പള്ളി-686518. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/10/2021 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91,1991-92 | എൽ.എഫ്.കെ.പി-4/895/96/ 09.04.1997/15.09.1997 | - |
| 1996-97 (ചെലവ്) | എൽ.എഫ്.കെ.പി-3/382/98/ 19.08.1998/26.02.1999 | - |
| 1997-98(ചെലവ്) | എൽ.എഫ്.കെ.പി-4/364/08/ 21.10.2009/15.12.2009 | - |
| 1997-98(വരവ്) | എൽ.എഫ്.കെ.പി8-333/04/ 05.06.2004 | - |
| 1998-99 | കെ.എസ്.എ.-കെ.ടി.എം.പി11(അദാ-2018)/205(1)/2018/08.03.2018 | 04 |
| 2001-02 | കെ.എസ്.എ.-കെ.ടി.എം.പി11(അദാ-2018)/205(2)/2018/02.02.2018 | 04 |
| 2002-03(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി11(അദാ-2018)/205(3)/2018/21.03.2018 | 07 |

| | | |
|---|---|---|
| 2002-03(വരവ്) | എൽ.എഫ്.കെ.പി9-368/08/ 08.03.2010 | - |
| 2003-04 | കെ.എസ്.എ.-കെ.ടി.എം.പി11(അദാ-2018)/205(4)/2018/02.02.2018 | 05 |
| 2004-05 | എൽ.എഫ്.കെ.പി13/677/11/ 09.12.2011 | - |
| 2005-06 | എൽ.എഫ്.കെ.പി9/793/10/08.04.2011/16.07.2011 | - |
| 2006-07 | എൽ.എഫ്.കെ.പി13/794/10/ 01.08.2012/07.08.2012 | - |
| 2007-08 | എൽ.എഫ്.കെ.പി13/1592/11/01.08.2013/ 14.08.2013 | - |
| 2008-09 &2009-10 | എൽ.എഫ്.കെ.പി13/989/12/06.07.2013/16.07.2013 | - |
| 2010-11 & 2011-12 | എൽ.എഫ്.കെ.പി13/103/14/ 25.08.2014 | 35 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി13/292/15/22.03.2016 | 47 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി13/516/16/17.09.2016 | 40 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി13/64/17/29.04.2017 | 21 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി13-1795/2017/ 01.01.2018 | 22 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി11/815/17/ 05.12.2017 | 19 |
| 2017-18(Special) | കെ.എസ്.എ-കെ.ടി.എം.പി2-172/18(19)/ 07.03.2018 | - |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി11/1748/19/ 18.01.2020/16.03.2020 | 25 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി11/183/2020/ 27.04.2020/29.05.2020 | 36 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്